10
2025
ജൂൺ
ചൊവ്വ
ഇടവം 27

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.159 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-159 പേജ് 4. വില 2.00 രൂപ

02 ▶ കാലാവസ്ഥാവ്യതിയാനവും പ്ലാസ്റ്റിക് മാലിന്യവും സമുദ്രജൈവവൈവിധ്യത്തിന് ഭീഷണി
03 ▶ തുടർച്ചയായ കപ്പൽ അപകടങ്ങളിൽ ദുരൂഹതയുണ്ട്: സണ്ണി ജോസഫ്
04 ▶ വെണ്ണിലാ ചന്ദനക്കിണ്ണത്തിന്റെ പാട്ടുകാരിക്ക് ഈദ് മുബാരക്...

# വീണ്ടും കപ്പൽ ദുരന്തം

## ചരക്കുകപ്പൽ കത്തിയമർന്നു
## 18 പേരെ രക്ഷിച്ചു, 4 പേരെ കാണാനില്ല




ബേപ്പൂർ: കേരള സമുദ്രാതിർത്തിയിൽ ചരക്കുകപ്പലിന് തീപ്പിടിച്ചു. കൊളംബോയിൽനിന്ന് മുംബൈയിലേക്ക് പോകുന്ന ചരക്കുകപ്പലിനാണ് തീപ്പിടിച്ചത്. ബേപ്പൂർഅഴീക്കൽ തുറമുഖങ്ങളുടെ പടിഞ്ഞാറുഭാഗത്തായി 145 കിലോമീറ്ററോളം ഉൾക്കടലിലാണ് സംഭവം. സിംഗപ്പൂർ പതാക വഹിക്കുന്ന വാൻ ഹായ് 503 എന്ന ചൈനീസ് കപ്പലാണ് അപകടത്തിൽപ്പെട്ടത്. കപ്പലിൽ പൊട്ടിത്തെറികൾ ഉണ്ടായതായും വിവരമുണ്ട്. കപ്പലിലെ ജീവനക്കാരിൽ 18 പേരെ രക്ഷപ്പെടുത്തി. കപ്പൽ നിലവിൽ മുങ്ങിയിട്ടില്ല.

ബേപ്പൂരിൽനിന്ന് 78 നോട്ടിക്കൽ മൈൽ ദൂരെയാണ് കപ്പലുള്ളതെന്നാണ് കോസ്റ്റ് ഗാർഡിൽനിന്ന് ലഭിക്കുന്ന വിവരം. അഴീക്കൽ തുറമുഖവുമായി അടുത്ത് കിടക്കുന്ന പ്രദേശത്താണ് അപകടം നടന്നിരിക്കുന്നത്. രണ്ട് ദിവസം മുമ്പാണ് കപ്പൽ കൊളംബോയിൽ നിന്ന് പുറപ്പെട്ടത്.

കേരളത്തിന്റെ സമുദ്രാതിർത്തിയിൽ തീപ്പിടിച്ച വാൻ ഹായ് 503 എന്ന കപ്പലിൽനിന്നുള്ള കണ്ടെയ്നറുകൾ കടലിൽ ഒഴുകിനടക്കുന്നതിനാൽ കോസ്റ്റ് ഗാർഡ് കപ്പലുകൾക്ക് അപകടത്തിൽപ്പെട്ട കപ്പലിനടുത്തേക്ക് എത്താൻ കഴിയാത്തത് തീ നിയന്ത്രിക്കുന്നതിന് തടസ്സമാകുന്നു. തീ ആളിക്കത്തുന്നതോടൊപ്പം കണ്ടെയ്നറുകൾ പൊട്ടിത്തെറിക്കുന്നതും വെല്ലുവിളി സൃഷ്ടിക്കുന്നു.

കപ്പൽ തീപ്പിടിച്ച് മണിക്കൂറുകൾ പിന്നിട്ടിട്ടും തീ നിയന്ത്രണവിധേയമാക്കാൻ രക്ഷാദൗത്യത്തിനായി പുറപ്പെട്ട കപ്പലുകൾക്ക് സാധിച്ചിട്ടില്ല. കോസ്റ്റ് ഗാർഡും നാവികസേനയും സംയുക്തമായാണ് തീയണക്കലിനും രക്ഷാദൗത്യത്തിനും ശ്രമിക്കുന്നത്. കപ്പലിൽനിന്ന് കാണാതായ നാലുപേർക്കുവേണ്ടിയുള്ള രക്ഷാശ്രമം രാത്രിയിലും തുടരും.

കോസ്റ്റ് ഗാർഡിന്റെ അഞ്ച് കപ്പലുകളും നാവികസേനയുടെ ഒരു കപ്പലുമാണ് ഇപ്പോൾ രക്ഷാദൗത്യത്തിലുള്ളത്. അപകടം സംഭവിച്ച വാൻഹായ് 503 കപ്പലിന് സമീപം ഐഎൻഎസ് സത്‌ലജ് ഉണ്ട്. നേരത്തേ പോയ ഐഎൻഎസ് സൂറത്ത് എന്ന കപ്പൽ ചരക്കുകപ്പലിലുണ്ടായിരുന്ന 18 ജീവനക്കാരെയും രക്ഷപ്പെടുത്തി മംഗളൂരു തീരത്തേക്ക് പുറപ്പെട്ടു. തീ ആളിക്കത്തുന്ന നിലയിലാണ് കപ്പലിന്റെ രാത്രി ദൃശ്യം. കപ്പലിന്റെ പല ഭാഗങ്ങളിലേക്കും തീ വ്യാപിച്ചിട്ടുണ്ട്.

കണ്ണൂർ അഴീക്കൽ തുറമുഖത്തുനിന്ന് 44 നോട്ടിക്കൽ മൈൽ ദൂരത്താണ് ചരക്കുകപ്പലിന് തീപ്പിടിച്ചത്. കപ്പലിൽ ആകെ 620 കണ്ടെയ്നറുകളുണ്ടെന്നാണ് വിവരം. തീപിടിച്ചതിനു പിന്നാലെ ഒട്ടേറെ കണ്ടെയ്നറുകൾ കടലിലേക്ക് വീണിരുന്നു. തിങ്കളാഴ്ച രാവിലെ ഒൻപതരയോടുകൂടിയാണ് കപ്പലിൽ സ്ഫോടനമുണ്ടായി എന്ന വിവരം കോസ്റ്റ് ഗാർഡിന് ലഭിക്കുന്നത്. കപ്പലിന്റെ താഴത്തെ ഡെക്കിൽ സ്ഫോടനം ഉണ്ടായതായാണ് റിപ്പോർട്ട്. തുടർന്ന് 12.40ഓടെ കൂടുതൽ കണ്ടെയ്നറുകളിലേക്ക് തീപടരുകയായിരുന്നു.

അപകട സമയത്ത് മണിക്കൂറിൽ 14 നോട്ടിക്കൽ മൈൽ വേഗതയിലാണ് കപ്പൽ സഞ്ചരിച്ചത്. യാത്ര തുടങ്ങി 110ം മണിക്കൂറിലാണ് അപകടം. ഇതിനു പിന്നാലെ കപ്പലിൽ പൊട്ടിത്തെറികളുമുണ്ടായി. അപകടത്തിനു പിന്നാലെ കപ്പലിലെ 20 കണ്ടെയ്നറുകൾ കടലിൽ വീണു. 650ഓളം കണ്ടെയ്നറുകളാണ് കപ്പലിലുള്ളത്.

കോസ്റ്റ് ഗാർഡിന്റെ കപ്പലുകളും നാവികസേനയുടെ ഐഎൻഎസ് സൂറത്ത് എന്ന കപ്പലും രക്ഷാപ്രവർത്തനത്തിനായി പുറപ്പെട്ടിട്ടുണ്ട്. രാവിലെ 10 മണിക്കാണ് കപ്പൽ അപകടത്തിൽ പെട്ട വിവരം ലഭിക്കുന്നത്. അപ്പോൾ തന്നെ രക്ഷാപ്രവർത്തനത്തിനായി കപ്പലിനെ അയച്ചു. ഈ കപ്പൽ ഉടൻ തന്നെ തീപ്പിടിച്ച കപ്പലിന് സമീപത്തെത്തും. കോസ്റ്റ് ഗാർഡിന്റെ ഡ്രോണിയർ വിമാനം നിരീക്ഷണത്തിനായി സ്ഥലത്തെത്തി.

50 കണ്ടെയ്നറുകൾ വെള്ളത്തിൽ പതിച്ചതായാണ് വിവരം. 650ഓളം കണ്ടെയ്നറുകൾ കപ്പലിൽ ഉണ്ടായിരുന്നു. കപ്പലിലെ തൊഴിലാളികളെ കേരള തീരത്ത് എത്തിച്ചാൽ ചികിത്സ നല്കുവാൻ ആവശ്യമായ തയ്യാറെടുപ്പ് നടത്താൻ എറണാകുളം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് നിർദേശം നല്കുവാൻ മുഖ്യമന്ത്രി സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയോട് നിർദേശിച്ചിട്ടുണ്ട്.




*ലോക സമുദ്ര ദിനത്തോടനുബന്ധിച്ച് ഗ്രീൻപീസ് ഇന്ത്യയും ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫും ചേർന്ന് വലിയതുറയിൽ സംഘടിപ്പിച്ച് ഫോട്ടോ സെഷൻ പരിപാടിയിൽ നിന്നും.*

## ഗ്രീൻപീസ് ഇന്ത്യ ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ് ലോക സമുദ്രദിനം ആചരിച്ചു

തിരുവനന്തപുരം: കേരളത്തിൽ കപ്പലുമായി ബന്ധപ്പെട്ട് അപകടങ്ങൾ സംഭവിച്ച കുടുംബങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വലിയതുറയിൽ ലോക സമുദ്രദിനം ആചരിച്ചു. ഗ്രീൻപീസ് ഇന്ത്യയും ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. എംഎസ്സി എൽസ3 കപ്പൽ ദുരന്തത്തിൽ ഇരകളായവരോടുള്ള ഐക്യദാർഢ്യമെന്ന നിലയിൽ വലിയതുറയിൽ ഫോട്ടോ സെഷനും സംഘടിപ്പിച്ചു.

പാഴാക്കാൻ സമയമില്ല എന്ന സന്ദേശം ഉയർത്തിയായിരുന്നു സമുദ്രദിനം ആചരിച്ചത്. ദുരന്തത്തിനു ശേഷമുള്ള ദിവസങ്ങളിൽ കേരള തീരത്തും തമിഴ്നാടിന്റെ ചില ഭാഗങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കരയ്ക്കടിഞ്ഞതായി സംഘാടകർ പറഞ്ഞു. യു എൻ സമുദ്ര സമ്മേളനത്തിൽ ഷിപ്പിംഗ് വ്യവസായത്തിലെ ഡീകാർബണൈസേഷനും ആഗോള പ്ലാസ്റ്റിക് മലിനീകരണവും ചർച്ച ചെയ്യപ്പെടുന്ന ഈ കാലത്ത് എംഎസ്സി പോലുള്ള പ്രമുഖ ഷിപ്പിംഗ് കമ്പനികൾക്ക് ഇത്തരം ദുരന്തങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാകില്ലെന്ന് ഗ്രീൻപീസ് ഇന്ത്യ ക്ലൈമറ്റ് ക്യാംപയ്നർ എസ്.എൻ. അമൃത പറഞ്ഞു. സമുദ്ര ജൈവവൈവിധ്യം, സമുദ്ര ആവാസ വ്യവസ്ഥ, തീരദേശ ഉപജീവനമാർഗങ്ങൾ, പ്രാദേശിക സമ്പദ്‌വ്യവസ്ഥ എന്നിവയെ എല്ലാം കപ്പൽ ദുരന്തം ബാധിച്ചു.

ഇത്തരം നാശനഷ്ടങ്ങൾക്ക് ഉത്തരവാദികളായവർ മറുപടി പറയണമെന്ന് സമുദ്ര സംരക്ഷണ പ്രവർത്തകനും ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ് സ്ഥാപകനുമായ റോബർട്ട് പനിപ്പിള്ള പറഞ്ഞു.

## വിഴിഞ്ഞത്ത് വീണ്ടും ചരിത്ര നിമിഷം; എംഎസ്സിഐറീന തുറമുഖത്ത് ബർത്ത് ചെയ്തു

തിരുവനന്തപുരം: ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിൽ ഒന്നായ എംഎസ്സിഐറീന ഇന്ന് വിഴിഞ്ഞം തുറമുഖത്ത് ബർത്ത് ചെയ്തു. രാവിലെ ഒമ്പതോടെയാണ് ബർത്തിംഗ് പൂർത്തിയായത്. തൃശൂർ സ്വദേശിയായ ക്യാപ്റ്റൻ വില്ലി ആൻറണിയാണ് എംഎസ്സിഐറീനയുടെ കപ്പിത്താൻ. 400 മീറ്റർ നീളവും 61 മീറ്റർ വീതിയുമുണ്ട് എംഎസ്സിഐറീനയ്ക്ക്. 24,000 മീറ്റർ ഡെക്ക് ഏരിയയുള്ള കപ്പലിൽ 24,346 ടി. ഇ. യു കണ്ടെയ്നറുകൾ വഹിക്കാനാകും. 2023ൽ നിർമ്മിച്ച കപ്പലിൽ 35 ജീവനക്കാരുണ്ട്. സൗത്ത് ഏഷ്യൻ തുറമുഖങ്ങളിൽ ഐറീനയെത്തുന്നത് ഇതാദ്യമാണ്.






## വിഴിഞ്ഞത്ത് ഫിഷറീസ് അധികൃതരുടെ പരിശോധന: അഞ്ച് വള്ളങ്ങൾ കസ്റ്റഡിയിൽ എടുത്തു

വിഴിഞ്ഞം :ട്രോളിംഗ് നിരോധനത്തിന് മുന്നോടിയായി വിഴിഞ്ഞം ഹാർബറുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് അധികൃതരുടെ പരിശോധനയിൽ അഞ്ച് വള്ളങ്ങൾ കസ്റ്റഡിയിൽ എടുത്തു .

വിഴിഞ്ഞം ഫിഷറിസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ രാജേഷിന്റെ നേതൃത്വത്തിൽ മറൈൻ എൻഫോസ്മെന്റ്, കോസ്റ്റൽ പൊലീസ് എന്നിവർ ചേർന്നു നടത്തിയ സംയുക്ത പരിശോധനയിലാണ് യൂസർ ഫീ അടയ്ക്കാത്തതും രേഖകൾ കൃത്യമല്ലാത്തതുമായ അഞ്ച് വള്ളങ്ങൾ പിടിച്ചെടുത്തത്. നോ മാൻസ് ലാൻഡ്, ഹാർബർ ഭാഗത്തെ വള്ളങ്ങളിൽ പരിശോധന നടത്തുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. വരും ദിവസങ്ങളിൽ പരിശോധന ശക്തമാകുമെന്നും, രേഖകൾ ഇല്ലാത്ത യാനങ്ങളെ കണ്ടുകെട്ടും എന്നും കർശനമായ നിയമനടപടികൾ സ്വീകരിക്കുമെന്നും അധികൃതർ അറിയിച്ചു



നോട്ടിക്കൽ ടൈംസ്



# കാലാവസ്ഥാവ്യതിയാനവും പ്ലാസ്റ്റിക് മാലിന്യവും സമുദ്രജൈവവൈവിധ്യത്തിന് ഭീഷണി ഉയർത്തുന്നതായി ശാസ്ത്രജ്ഞർ

ലോക സമുദ്രദിനത്തിന് മുന്നോടിയായി മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിൽ (എം എസ് സി) 19 രാജ്യങ്ങളിലെ 58 വിദഗ്ധർക്കിടയിൽ നടത്തിയ സർവേയിലാണ് നിരീക്ഷണം കൊച്ചി: കാലാവസ്ഥാവ്യതിയാനവും പ്ലാസ്റ്റിക് മാലിന്യവും സമുദ്രജൈവ വൈവിധ്യത്തിന് കടുത്ത ഭീഷണി ഉയർത്തുന്നതായി ശാസ്ത്രജ്ഞർ. ഇന്ത്യയുൾപ്പെടെ 19 രാജ്യങ്ങളിലെ ശാസ്ത്രജ്ഞർക്കിടയിൽ നടത്തിയ ആഗോള സർവെയിലാണ് ഈ വെളിപ്പെടുത്തൽ. ലോക സമുദ്രദിനത്തിന് (ജൂൺ 8) മുന്നോടിയായി മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിലാണ് (എം എസ് സി) 58 വിദഗ്ധർക്കിടയിൽ സർവേ നടത്തിയത്. കാലാവസ്ഥാവ്യതിയാനമാണ് കടൽ ആവാസവ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു. കടലിൽ ചൂട് കൂടൽ, സമുദ്രനിരപ്പ് ഉയരൽ തുടങ്ങിയവ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളാണ്. മാലിന്യം, ആവാസകേന്ദ്രങ്ങളിലെ മാറ്റങ്ങൾ എന്നിവയും പ്രധാന ഭീഷണികളാണ്. സമുദ്രോപരിതല താപനില കൂടുന്നതും ചുഴലിക്കാറ്റുകളിലുണ്ടായ വർധനവും പ്രധാന വെല്ലുവിളികളാണെന്ന് ഇന്തയിൽ നിന്ന് സർവേയിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇത് കടലിലെ ഭക്ഷ്യശൃംഖലയെ ദോശകരമായി ബാധിക്കുന്നു. അതുവഴി മത്സ്യസമ്പത്തിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും ഭീഷണിയാകുന്നു. ഇന്ത്യൻ മഹാസമുദ്രത്തിൽ ചൂട് കൂടിവരികയാണ്. ഇതാണ് ചുഴലിക്കാറ്റുകൾ പോലുള്ളവ വർധിക്കാനിടയാക്കുന്നത്. കടലിൽ ചൂട് കൂടുന്നത് മീനുകളുടെ ഉല്പാദനക്ഷമതയെ സാരമായി ബാധിക്കുന്നു. വാണിജ്യ പ്രാധാന്യമുള്ള പല മീനുകൾ കുറയാനും കാരണമാകുന്നുണ്ടെന്ന് സസ്റ്റയിനബിൾ സീഫുഡ് നെറ്റ് വർക് ഓഫ് ഇന്ത്യ ചെയർമാൻ ഡോ സുനിൽ മുഹമ്മദ് പറഞ്ഞു. അദ്ദേഹമുൾപ്പെടെ മൂന്ന് പേരാണ് ഇന്ത്യയിൽ നിന്ന് സർവേയിൽ അഭിപ്രായങ്ങൾ പങ്കുവെച്ചത്. ഇന്ത്യയുടെ സമുദ്രമത്സ്യ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പ്ലാസ്റ്റിക് മാലിന്യമാണെന്ന് സർവേ ചൂണ്ടിക്കാട്ടുന്നു. കരയിൽ നിന്നും ധാരാളമായി പ്ലാസ്റ്റിക്കുകൾ കടലിലെത്തുന്നത് വർധിച്ചുവരികയാണ്. തീരക്കടലുകളിലെ മത്സ്യബന്ധനം നടത്തുന്ന ചെറുകിട മത്സ്യത്തൊഴിലാളികളെ ഇത് സാരമായി ബാധിക്കുന്നു. തീരക്കടലുകളിൽ നിന്നുള്ള മത്സ്യബന്ധനവലകളിൽ 5 ശതമാനം വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടങ്ങിയിരിക്കുന്നതായും സർവേ ഫലം പറയുന്നു. കുഫോസ് വകുപ്പ് മേധാവി ഡോ എം കെ സജീവൻ, കുസാറ്റ് അസോസിയേറ്റ് പ്രൊഫസർ ഡോ എസ് ബാബു എന്നിവരാണ് ഇന്ത്യയിൽ നിന്ന് സർവേയിൽ പങ്കെടുത്ത മറ്റ് രണ്ട് പേർ. ശരിയായ ഫിഷറീസ് മാനേജ്മെന്റും പാരിസ്ഥിതിക ശ്രദ്ധയുമുണ്ടയാൽ സമുദ്രമേഖലയിലെ ഇത്തരം ഭീഷണികൾ ഒരു പരിധിവരെ ചെറുക്കാമെന്ന് ഇവർ പറഞ്ഞു. വെല്ലുവിളികളെ നേരിടാൻ ശാസത്രസാങ്കേതിക രംഗത്തെ മുന്നേറ്റം പ്രതീക്ഷക്ക് വക നൽകുന്നതാണ്. അന്താരാഷ്ട്ര ഉടമ്പടികളും നയരൂപീകരണങ്ങളും ആവശ്യമാണ് സർവേ ചൂണ്ടിക്കാട്ടി. സുസ്ഥിര മത്സ്യബന്ധനരീതികൾക്കും സീഫുഡ് വിതരണ ശൃംഖലക്കും ആഗോളതലത്തിൽ അംഗീകൃത മാനദ്ണ്ഡങ്ങൾ നിശ്ചയിക്കുന്ന അന്താരാഷ്ട്ര ഏജൻസിയാണ് എം എസ് സി.

# രണ്ടുദിവസത്തിനകം സർജറികൾ തുടങ്ങും: ശ്രീചിത്രയിലെ പ്രതിസന്ധി പരിഹരിച്ചെന്ന് സുരേഷ് ഗോപി

തിരുവനന്തപുരം: ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ചികിത്സാപ്രതിസന്ധി പരിഹരിച്ചെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. മാധ്യമങ്ങളിൽ വന്ന അത്ര ഗൗരവമുള്ള പ്രശ്നമല്ലെന്നും ആശുപത്രിയിലെ ആവശ്യത്തിനുള്ള ശസ്ത്രക്രിയ ഉപകരണങ്ങൾ നിയമപരമായ മാർഗങ്ങളിലൂടെ എത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ചെറിയ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അതിനെല്ലാം സാങ്കേതിക പരിഹാരം ഉണ്ടാകും.

മാറ്റിവച്ച സർജറികൾ രണ്ട് ദിവസത്തിനകം വീണ്ടും തുടങ്ങും. പ്രതിസന്ധി പരിഹരിക്കാനായി ശ്രീചിത്ര ഡയറക്ടർ വകുപ്പു മേധാവികളുമായി നടത്തിയ യോഗത്തിൽ പങ്കെടുത്ത ശേഷം മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായാണ് അദ്ദേഹം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

ചികിത്സാ പ്രതിസന്ധി രൂക്ഷമായതോടെ ശ്രീചിത്രയിൽ ഇന്നു നടത്താനിരുന്ന പത്ത് സർജറികളാണ് ഒഴിവാക്കിയത്. ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും വിതരണം ചെയ്യുന്ന സ്വകാര്യ കമ്പനികളുമായുള്ള കരാർ മുടങ്ങിയതിനെത്തുടർന്ന് അവശ്യ ഉപകരണങ്ങളും മരുന്നുകളും ലഭിക്കാതെ വന്നതോടെയാണ് പ്രതിസന്ധി രൂക്ഷമായത്.

കരാർ കാലാവധി കഴിഞ്ഞ് മാസങ്ങൾ അതിക്രമിച്ചിട്ടും കരാർ പുതുക്കാൻ കേന്ദ്രസർക്കാരും ശ്രീചിത്ര അധികൃതരും നടപടി കൈക്കൊള്ളാത്തതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നാണ് പരക്കെ ഉയരുന്ന ആക്ഷേപം.

വളരെ ഗുരുതരമായി ചികിത്സയിൽ കഴിഞ്ഞിരുന്ന പല രോഗികളും സ്വകാര്യാശുപത്രികളിലേക്ക് മാറിയിട്ടുണ്ട്. സാധാരണക്കാർക്ക് ഉൾപ്പെടെ വളരെ ചെലവ് കുറഞ്ഞ രീതിയിൽ വിദഗ്ധ ചികിത്സ നൽകി വന്നിരുന്ന സ്ഥാപനമാണ് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ കാലാനുസൃതമായി ഉപയോഗിക്കേണ്ട പല ഉപകരണങ്ങളും വാങ്ങാത്തത് രോഗികളെ വലയ്ക്കുന്നുണ്ട്.

അതേസമയം, ഇന്നും ശസ്ത്രക്രിയ മുടങ്ങിയതോടെ പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ് പ്രവർത്തകരെത്തി. യോഗം പൂർത്തിയായ ഉടനാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഡയറക്ടറുടെ ഓഫീസിലേക്ക് പ്രതിഷേധവുമായെത്തിയത്.

# സംസ്ഥാനത്ത് വീണ്ടും മഴ ശക്തമാകുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് ഒരിടവേളയ്ക്കു ശേഷം മഴ വീണ്ടും ശക്തമാകുന്നു. മഴയ്ക്കൊപ്പം ഇന്ന് മുതൽ ബുധനാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, യെല്ലോ അലർട്ടുകൾ പ്രഖ്യാപിച്ചു. വ്യാഴാഴ്ച എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലും വെള്ളിയാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

അതേസമയം, ഇന്ന് മലപ്പുറം, കോഴിക്കോട് ജില്ലകളിൽ യെല്ലോ അലർട്ടാണ്. ചൊവ്വാഴ്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിലും ബുധനാഴ്ച ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വ്യാഴാഴ്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലും യെല്ലോ അലർട്ടാണ്.

അതേസമയം, കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വ്യാഴം, വെള്ളി ദിവസങ്ങളിൽ കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്നു മുതൽ വ്യാഴാഴ്ച വരെ വരെ തെക്കുപടിഞ്ഞാറൻ അറബിക്കടൽ, അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ അറബിക്കടൽ, തെക്കൻ തമിഴ്നാട് തീരം, കന്യാകുമാരി പ്രദേശം, ഗൾഫ് ഓഫ് മന്നാർ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.

ഇന്ന് തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ചൊവ്വ, ബുധൻ ദിവസങ്ങളിൽ തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ, വടക്കൻ തമിഴ്നാട് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വ്യാഴാഴ്ച തെക്കൻ കൊങ്കൺ തീരം, ഗോവൻ തീരം, മാലദ്വീപ് തീരം, തെക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന മധ്യ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ, വടക്കൻ തമിഴ്നാട് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വെള്ളിയാഴ്ച തെക്കു കിഴക്കൻ അറബിക്കടൽ, അതിനോട് ചേർന്ന തെക്കു പടിഞ്ഞാറൻ അറബിക്കടൽ, മധ്യ കിഴക്കൻ അറബിക്കടൽ, തെക്കൻ കൊങ്കൺ തീരം, ഗോവൻ തീരം, മാലിദ്വീപ് തീരം, തെക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന മധ്യ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ, വടക്കൻ തമിഴ്നാട് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് – ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ കഴിഞ്ഞു

നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ പ്രാഥമികതല പരിശോധന ഭാരത് എൻജിനീയറിങ് ലിമിറ്റഡിന്റെ അംഗീകൃത എൻജിനീയർമാർ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ മലപ്പുറം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ 2025 ഫെബ്രുവരി 3 മുതൽ 7 വരെ മലപ്പറം ജില്ലാ ഇ വി എം വെയർഹൗസിൽ നടത്തി. ഇതിൽ മെഷീനുകളുടെ പൂർണ്ണമായ പ്രവർത്തന പരിശോധന നടത്തുകയും ഇതിൽ പൂർണമായി പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തിയ മെഷീനുകളിൽ നിന്ന് റാൻഡമായി തിരഞ്ഞെടുത്ത 1 ശതമാനം മെഷീനുകളിൽ 1200, 2 ശതമാനത്തിൽ 1000, 2 ശതമാനത്തിൽ 500 വീതം മോക്ക് വോട്ടുകൾ രാഷ്ട്രീയ പാർട്ടി പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് രേഖപ്പെടുത്തി അവയുടെ കൃത്യത ഉറപ്പുവരുത്തി. തുടർന്ന് ഈ മെഷീനുകൾ ജില്ലാ സ്ട്രോങ്ങ് റൂമിലേക്ക് മാറ്റുകയും ഇവയിൽ നിന്ന് 50 വീതം മെഷീനുകൾ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനത്തായി ഉപയോഗപ്പെടുത്തുകയും ചെയ്തു. ഒന്നാം ഘട്ട റാൻഡമൈസേഷൻ മെയ് 31 ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ തലത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഇതിൽ പ്രാഥമികതല പരിശോധനയ്ക്കുശേഷം ജില്ലാ സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന മെഷീനുകളിൽ നിന്നും റിസർവ് മെഷീനുകൾ ഉൾപ്പെടെ നിശ്ചിത എണ്ണം മെഷീനുകൾ നിലമ്പൂർ വരണാധികാരിക്ക് അനുവദിച്ച് നൽകുകയുണ്ടായി. രണ്ടാംഘട്ട റാൻഡമൈസേഷൻ വരണാധികാരിയുടെ തലത്തിൽ ജനറൽ ഒബ്സർവർടെയും സ്ഥാനാർത്ഥികൾ അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ജൂൺ 9 ന് നടന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽകർ അറിയിച്ചു. ഒന്നാംഘട്ട റാൻഡമൈസേഷനിൽ അനുവദിച്ചു കിട്ടിയ മെഷീനുകൾ റാൻഡം അടിസ്ഥാനത്തിൽ പോളിംഗ് സ്റ്റേഷനുകളിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# 'പ്രസ്താവന വളച്ചൊടിച്ചു, മലക്കംമറിഞ്ഞ് മന്ത്രി ശശീന്ദ്രൻ

തിരുവനന്തപുരം: നിലമ്പുരിൽ പന്നിക്കെണിയിൽ നിന്ന് ഷോക്കേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ ഗൂഢാലോചനയുണ്ടെന്ന പ്രസ്താവനയിൽ മലക്കംമറിഞ്ഞ് വനംമന്ത്രി എ. കെ. ശശീന്ദ്രൻ. മരണത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് താൻ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രതിഷേധത്തിൽ രാഷ്ട്രീയം ഉണ്ടെന്നാണ് താൻ പറഞ്ഞത്. തന്റെ പ്രസ്താവന മാധ്യമങ്ങൾ വളച്ചൊടിക്കുകയായിരുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സംഭവം രാഷ്ട്രീയ ഗൂഢാലോചന നടത്താൻ ഉപയോഗിച്ചു എന്നാണ് താൻ പറഞ്ഞത്. യുഡിഎഫ് കിട്ടിയ അവസരം മുതലെടുത്തു. തന്നെ ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള ശ്രമത്തിൽ മാധ്യമങ്ങൾ ദയവായി പങ്കെടുക്കരുതെന്നും മന്ത്രി ശശീന്ദ്രൻ ആവശ്യപ്പെട്ടു.

വാർത്തകളിൽ പ്രദേശവാസികൾ രാവിലെ അവിടെ അത്തരം ഒരു ഫെൻസിംഗ് ഇല്ലായിരുന്നു എന്നു പറഞ്ഞത് താൻ ആവർത്തിക്കുകയാണുണ്ടായത്. വനം വകുപ്പിനെയും വനംവകുപ്പ് മന്ത്രിയെയും ഒറ്റപ്പെടുത്തി അത് തെരഞ്ഞെടുപ്പിലെ ആയുധമാക്കി ഉപയോഗിക്കാനുള്ള ശ്രമമാണ് നടന്നത്.

ഇതുമായി ബന്ധപ്പെട്ട് പ്രതികരിച്ച എൽഡിഎഫ് നേതാക്കളെല്ലാം തന്നെ പ്രതിഷേധത്തിൽ ഒരു ഗൂഢാലോചന നടന്നു എന്നു പറഞ്ഞിട്ടുണ്ട്. മരണത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ട് എന്ന് പറഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള മരണം രാഷ്ട്രീയാവശ്യത്തിന് ഉപയോഗിച്ചുവെന്നാണ് പറഞ്ഞത്. ഇത് ഒരു ആരോപണമല്ല, സംശയം മാത്രമാണ് എന്നും താൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

പന്നികളെ വെടിവെച്ചു കൊല്ലാനുള്ള അനുവാദം പഞ്ചായത്തുകൾക്ക് നൽകണമെന്നത് വളരെക്കാലമായി കർഷകർ ഉന്നയിക്കുന്ന ആവശ്യമാണ്.

പഞ്ചായത്ത് ഇക്കാര്യത്തിൽ ശുഷ്കാന്തി കാണിച്ചിരുന്നുവെങ്കിൽ പ്രശ്നം ലഘൂകരിക്കാമായിരുന്നുവെന്നും മന്ത്രി എ. കെ ശശീന്ദ്രൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

# പ്ലസ് വൺ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പ്ലസ് വൺ പ്രവേശനത്തിന്റെ മെറിറ്റ് ക്വാട്ടയുടെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനം ജൂൺ 10 ന് രാവിലെ 10 മണി മുതൽ 11 ന് വൈകിട്ട് 5 മണി വരെ നടക്കും. അലോട്ട്മെന്റ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ലെ Candidate Login-SWS ലെ Second Allot Results ലിങ്കിലൂടെ ലഭിക്കും.

അലോട്ട്മെന്റ് ലഭിച്ചവർ കാൻഡിഡേറ്റ് ലോഗിനിലെ Second Allot Results ലിങ്കിൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്ററിൽ പ്രതിപാദിച്ചിരിക്കുന്ന അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ രക്ഷകർത്താവിനോടൊപ്പം പ്രവേശനത്തിനായി ആവശ്യമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ഹാജരാകണം. വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ആവശ്യമുള്ള അലോട്ട്മെന്റ് ലെറ്റർ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിന്നും പ്രിന്റ് എടുത്ത് അഡ്മിഷൻ സമയത്ത് നൽകുന്നതാണ്. ഒന്നാം അലോട്ട്മെന്റിൽ താൽക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റിൽ ഉയർന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലെങ്കിൽ പുതിയ അലോട്ട്മെന്റ് ലെറ്റർ ആവശ്യമില്ല.

മെറിറ്റ് ക്വാട്ടയിൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. അലോട്ട്മെന്റ് ലെറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് മാത്രമേ അടക്കേണ്ടതുള്ളു. താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് താൽക്കാലിക പ്രവേശനമോ സ്ഥിരപ്രവേശനമോ നേടാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. വിദ്യാർത്ഥികൾക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ്കൂളിലേയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളെല്ലാം രക്ഷകർത്താക്കളോടൊപ്പം ജൂൺ 11 ന് വൈകിട്ട് 5 മണിക്ക് മുൻപായി സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകണം.

മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് അപേക്ഷിച്ചവരുടേയും രണ്ടാമത്തെ അലോട്ട്മെന്റ് റിസൾട്ടും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർക്ക് ഇമിറശറമലേ ഘീഴശി ഞങ്ങടെ എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ Second Allot Results ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാം. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളെല്ലാം രക്ഷകർത്താക്കളോടൊപ്പം ജൂൺ 10 ന് രാവിലെ 10 മണി മുതൽ 11 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപായി തന്നെ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകണം.

രണ്ടാം അലോട്ട്മെന്റിനോടൊപ്പം കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ നടക്കുന്നതിനാൽ വിവിധ ക്വാട്ടകളിൽ പ്രവേശനത്തിന് അർഹത നേടുന്ന വിദ്യാർത്ഥികൾ അവർക്ക് ഏറ്റവും അനുയോജ്യമായ ക്വാട്ടയിലെ പ്രവേശനം തെരഞ്ഞെടുക്കണം. പ്രവേശന നടപടികൾ ഒരേ കാലയളവിൽ നടക്കുന്നതിനാൽ ഏതെങ്കിലും ഒരു ക്വാട്ടയിൽ പ്രവേശനം നേടിയാൽ മറ്റൊരു ക്വാട്ടയിലെക്ക് പ്രവേശനം മാറ്റാൻ സാധിക്കുകയില്ല.

ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് മൂന്നാമത്തെ അലോട്ട്മെന്റിനു ശേഷം സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം.

മുഖ്യഘട്ടത്തിൽ തെറ്റായ വിവരങ്ങൾ നൽകിയതുമൂലവും ഓപ്ഷനുകൾ നൽകാത്തതിനാലും അലോട്ട്മെന്റിന്

പരിഗണിക്കാത്ത അപേക്ഷകർക്കും സപ്ലിമെന്ററി ഘട്ടത്തിൽ നിലവിലെ അപേക്ഷകൾ പുതുക്കി സമർപ്പിക്കാം. മുഖ്യഘട്ടത്തിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിന് അപേക്ഷ പുതുക്കി നൽകാം. മുഖ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ടും തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ പ്രവേശനം നിരാകരിക്കപ്പെട്ടവർക്ക് സപ്ലിമെന്ററി ഘട്ടത്തിൽ തെറ്റു തിരുത്തി അപേക്ഷ പുതുക്കി സമർപ്പിക്കാം.

സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള വേക്കൻസിയും നോട്ടിഫിക്കേഷനും മുഖ്യഘട്ട പ്രവേശന സമയപരിധിക്കുശേഷം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

# 'മനുഷ്യനെ കൊല്ലാൻ വന്യമൃഗങ്ങൾക്ക് വിട്ടുകൊടുക്കുന്നു, മയക്കുവെടിയേറ്റ പോലെയാണ് വനം മന്ത്രിയുടെ ഇരിപ്പ്

നിലമ്പുർ: മനുഷ്യനെ കൊല്ലാൻ വേണ്ടി വന്യമൃഗങ്ങൾക്ക് വിട്ടുകൊടുക്കുകയാണ് വനംവകുപ്പെന്ന് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. വന്യജീവി ആക്രമണങ്ങളിലടക്കം മന്ത്രി പ്രഖ്യാപിക്കുന്ന നഷ്ടപരിഹാരം പോലും പലർക്കും പൂർണമായി കിട്ടിയിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിലമ്പുർ മൂത്തേടത്ത് യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിന്റെ വാഹന പര്യടനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കെ. മുരളീധരൻ.

നിലമ്പൂർ വഴിക്കടവിൽ പന്നിക്കെണിയിൽ കുടുങ്ങി വിദ്യാർഥി ഷോക്കേറ്റു മരിച്ച സംഭവത്തിൽ ഗൂഢാലോചന ആരോപിച്ച മന്ത്രി എ. കെ. ശശീന്ദ്രനെതിരേ രൂക്ഷവിമർശനമാണ് മുരളീധരൻ നടത്തിയത്. മയക്കുവെടിയേറ്റ പോലെയാണ് വനംമന്ത്രിയുടെ ഇരിപ്പെന്നും ഒരു മന്ത്രിയും ഇങ്ങനെ തരംതാഴരുതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

# വൈദ്യുതിക്കെണിയിൽനിന്ന് വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവം; പ്രതി വിനേഷിനെ റിമാൻഡ് ചെയ്തു

നിലമ്പൂർ: വഴിക്കടവിൽ കാട്ടുപന്നിക്കുവെച്ച വൈദ്യുതിക്കെണിയിൽനിന്ന് വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിലെ പ്രതി വിനേഷിനെ പതിനാലുദിവസത്തേക്ക് റിമാൻഡ് ചെയ്തു. നിലമ്പൂർ കോടതിയാണ് വിനേഷിനെ റിമാൻഡ് ചെയ്തത്. സികെഎം എച്ച്എസ്എസ് മണിമൂലി സ്കൂളിലെ പത്താംക്ലാസ് വിദ്യാർഥിയായ അനന്തുവാണ് ശനിയാഴ്ച ഷോക്കേറ്റ് മരിച്ചത്.

ശനിയാഴ്ച പെരുന്നാളിന്റെ അവധി പ്രഖ്യാപിച്ചിരുന്നതിനാൽ കൂട്ടുകാർക്കൊപ്പം ഫുട്ബോൾ കളിക്കാൻ പോയതായിരുന്നു അനന്തു. കളികഴിഞ്ഞ് വൈകുന്നേരം ആറോടെ വീട്ടിലേക്ക് തിരിച്ചുവരുന്നതിനിടെയാണ് വെള്ളക്കട്ടയിലെ തോട്ടിൽ സുഹൃത്തുക്കൾ ചേർന്ന് മീൻപിടിക്കാൻ ഇറങ്ങിയത്. ഇവിടെ പന്നിയെ പിടിക്കാൻവെച്ച വൈദ്യുതിക്കെണിയിൽ തട്ടിയാണ് കുട്ടികൾക്ക് ഷോക്കേറ്റത്. അനന്തു മരിച്ചു. പരിക്കേറ്റ യദു, ഷാനു എന്നിവർ അപകടനില തരണംചെയ്തിട്ടുണ്ട്.

കെണി സ്ഥാപിച്ചത് താനാണെന്നും പന്നിയെ പിടിക്കാനാണ് ഇത് ചെയ്തതെന്നും വിനീഷ് പോലീസിനോട് സമ്മതിച്ചതായാണ് വിവരം. നേരത്തെയും വിനീഷ് സമാനമായ രീതിയിൽ പന്നിയെ പിടികൂടിയതായി പോലീസിന് വിവരം ലഭിച്ചിരുന്നു. വിൽപനയ്ക്കായാണ് ഇയാൾ പന്നികളെ ഇത്തരത്തിൽ പിടികൂടിയിരുന്നതെന്നാണ് പോലീസിന്റെ വിലയിരുത്തൽ. വിനീഷിനൊപ്പം കുഞ്ഞുമുഹമ്മദ് എന്നയാളെയും പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു.

## കാട്ടാനയുടെ ആക്രമണത്തിൽ എസ്റ്റേറ്റ് ജീവനക്കാരന് പരിക്ക്

പത്തനംതിട്ട: കോന്നി കല്ലേലിൽ കാട്ടാനയുടെ ആക്രമണത്തിൽ എസ്റ്റേറ്റ് ജീവനക്കാരന് പരിക്ക്. കലഞ്ഞൂർ സ്വദേശിയായ വിദ്യാധരൻ പിള്ളയ്ക്ക് നേരെയാണ് അക്രമണം നടന്നത്. ഇന്ന് രാവിലെ ആറരയോടെ എസ്റ്റേറ്റിൽ ജോലിക്ക് എത്തിയപ്പോഴായിരുന്നു അക്രമണമുണ്ടായത്. പരിക്കേറ്റ വിദ്യാധരൻപിള്ളയെ പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിച്ചു.

# തുടർച്ചയായ കപ്പൽ അപകടങ്ങളിൽ ദുരൂഹതയുണ്ട്: സണ്ണി ജോസഫ് എംഎൽഎ

തിരുവനന്തപുരം: ദുരൂഹതയുണ്ടെന്നും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന കപ്പൽ അപകടങ്ങളെ സർക്കാർ ഗൗരവമായി കാണത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതായും കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ അഭിപ്രായപ്പെട്ടു. കപ്പൽ അപകടവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ തുടരുന്ന അനാസ്ഥക്കെതിരെ ജൂൺ 11 ബുധനാഴ്ച സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തുമെന്നും സണ്ണി ജോസഫ് അറിയിച്ചു. കൊച്ചി തീരത്തോട് ചേർന്ന കപ്പൽ മുങ്ങിയ സംഭവത്തിൽ എംഎസ്സി എൽസ3 എന്ന കുത്തക കപ്പൽ കമ്പനിക്കെതിരെ ക്രിമിനൽ കേസ് എടുക്കേണ്ടതില്ലെന്ന സർക്കാർ തീരുമാനം തീരദേശ ജനതയോടും മത്സ്യത്തൊഴിലാളികളോടുമുള്ള വഞ്ചനയാണ്. ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ ഇടയുള്ള വിധം കപ്പലിലെ രാസമൂലകങ്ങൾ അടക്കമുള്ള ചരക്കുകൾ കടലിൽ കലരുകയും തീരത്തോട് ചേർന്ന് കടലിൽ മുങ്ങിപ്പോവുകയും ചെയ്തു. ഈ വിഷയത്തിൽ തുടക്കം മുതലേ കുറ്റകരമായ അനാസ്ഥയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ളതെന്നും സർക്കാരിന്റെ ഈ നടപടിക്കെതിരെ ശക്തമായ പ്രതിഷേധ പരിപാടികളുമായി കോൺഗ്രസ് സമരമുഖത്തേക്ക് ഇറങ്ങുമെന്നും സണ്ണി ജോസഫ് പറഞ്ഞു. സമാനമായ സംഭവങ്ങളിൽ കപ്പൽ കമ്പനിക്കെതിരെ കേസെടുക്കുന്ന സ്വാഭാവിക നടപടി അവഗണിക്കുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്. മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര ഷിപ്പിംഗ് വകുപ്പിന്റെ ഡയറക്ടർ ജനറൽ ശ്യാം ജഗന്നാഥനും ചീഫ് സെക്രട്ടറി എ ജയതിലകിന്റെ കൂടി സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ കമ്പനിക്കെതിരെ കേസെടുക്കേണ്ടെന്ന് തീരുമാനിച്ചത് ഗുരുതരമായ വീഴചയും കൊടും ചതിയുമാണ്. അഡാനിയുമായി അടുത്ത ബന്ധമുള്ള കപ്പൽ കമ്പനിക്ക് വേണ്ടി കേസ് അട്ടിമറിക്കാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഒത്തുകളിയാണോ ഇതെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും സണ്ണി ജോസഫ് പറഞ്ഞു. കമ്പനിയെ രക്ഷിച്ചെടുത്ത് നഷ്ടപരിഹാര തുക ഇൻഷുറൻസ് കമ്പനിയിൽ നിന്നീടാക്കാം എന്നതാണ് സർക്കാർ നയമെന്ന് വ്യക്തമായിരിക്കുകയാണ്. കേരള തീരം സമീപ ഭാവിയിൽ നേരിടാൻ പോകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് പരിഹാരമാകുന്ന തുക ഇൻഷുറൻസ് കമ്പനിയിൽ ലഭിക്കുമോ എന്നതിൽ സർക്കാരിന് ഒരു ഉറപ്പുമില്ല. അപ്പോഴാണ് കമ്പനിയെ രക്ഷിച്ചെടുക്കാൻ കുത്തകകൾക്ക് വേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകൾ കൈകോർക്കുന്നത്. പാവപ്പെട്ട മൽസ്യത്തൊഴിലാളികളോടല്ല, കുത്തക കമ്പനികളോടാണ് പിണറായി വിജയൻ സർക്കാരിന്റെ കരുതൽ എന്നത് ലജ്ജാവഹമാണെന്നും സണ്ണി ജോസഫ് പറഞ്ഞു. കപ്പലിലെ ചരക്കുകളിലും കണ്ടൈനറുകളിലും എന്തെല്ലാമാണ് ഉണ്ടായിരുന്നത് എന്ന വിവരങ്ങൾ പുറത്തുവിടാൻ പോലും സർക്കാർ തയ്യാറായിരുന്നില്ല. ഒടുവിൽ ഹൈക്കോടതിയിൽ കോൺഗ്രസ് നേതാവും മുൻ എംപിയുമായ ടി. എൻ പ്രതാപൻ നൽകിയ പൊതുതാൽപ്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ കോടതിക്ക് സർക്കാരിനെ ശാസിക്കേണ്ട സാഹചര്യമുണ്ടായെന്നും പ്രസ്തുത വിവരങ്ങൾ എത്രയും പെട്ടെന്ന് പുറത്തുവിടാൻ കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ടെന്നും സണ്ണി ജോസഫ് ചൂണ്ടിക്കാട്ടി.

## ഉപതെരഞ്ഞെടുപ്പ്; പ്രിയങ്ക ഗാന്ധി 14ന് നിലമ്പൂരിൽ

മലപ്പുറം: ആര്യാടൻ ഷൗക്കത്തിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി 14ന് നിലമ്പൂരിലെത്തും. മണ്ഡലത്തിൽ പര്യടനം നടത്തുന്ന പ്രിയങ്ക തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തുമെന്ന് കോൺഗ്രസ് നേതാക്കൾ പറഞ്ഞു. അൻവർ രാജിവെച്ചതോടെയാണ് നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്.

# വമ്പൻ തിരിച്ചുവരവ്; ഫ്രഞ്ച് ഓപ്പൺ കിരീടം അൽക്കാരസ് നിലനിർത്തി

പാരീസ്: ഫ്രഞ്ച് ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം സ്പെയിനിന്റെ കാർലോസ് അൽകരാസ് നിലനിർത്തി. അഞ്ച് സെറ്റുകൾ നീണ്ട തകർപ്പൻ പോരാട്ടത്തിൽ യാനിക് സിന്നറിനെ പരാജയപ്പെടുത്തിയാണ് അൽക്കരാസ് കിരീടം നിലനിർത്തിയത്.

സ്കോർ 4-6,6-7,6-4,7-6,7-6.ആദ്യ രണ്ട് സെറ്റുകൾ നഷ്ടമായതിനുശേഷമാണ് അൽക്കാരസ് വമ്പൻ തിരിച്ചുവരവ് നടത്തിയത്. അൽകാരസിന്റെ അഞ്ചാം ഗ്രാൻസ്ലാം കിരീട നേട്ടമാണിത്. അഞ്ചു മണിക്കൂറിലേറെ നീണ്ട പോരാട്ടത്തിന് ഒടുവിലാണ് താരം കിരീടം നിലനിർത്തിയത്.

ഫ്രഞ്ച് ഓപ്പൺ ചരിത്രത്തിലെ തന്നെ ഏറ്റവും ദൈർഘ്യമേറിയ ഫൈനലാണിത്. ആദ്യ രണ്ട് സെറ്റുകളിൽ സിന്നർ ആധിപത്യം പുലർത്തി. എന്നാൽ കീഴടങ്ങില്ലെന്ന് പ്രഖ്യാപിച്ച് അൽക്കാരസ് പതുക്കെ തിരിച്ചുവന്നു. നാലാം സെറ്റിന്റെ തുടക്കത്തിൽ തുല്യ ശക്തികളുടെ പോരാട്ടത്തിനാണ് കളിമൺ കോർട്ട് സാക്ഷ്യം വഹിച്ചത്.

ഒടുവിൽ നാലാം സെറ്റിന്റെ അവസാന ഘട്ടത്തിൽ സ്കോർ 6-6 എന്ന നിലയിലെത്തി. ഇതോടെ നാലാം സെറ്റിലും ടൈ ബ്രേക്ക്. പക്ഷേ ടൈ ബ്രേക്കറിലും വിട്ടുകൊടുക്കാൻ സ്പാനിഷ് താരം തയാറായിരുന്നില്ല. 3-7ന് അൽകാരസ് നാലാം സെറ്റിലെ ടൈ ബ്രേക്കർ വിജയിച്ചു.

ഇതോടെ മത്സരത്തിന്റെ ഗതി മാറി. അഞ്ചാം സെറ്റിലും ഇഞ്ചോടിഞ്ച് പോരാട്ടമാണ് ഇരുവരും കാഴ്ചവച്ചത്. അഞ്ചാം സെറ്റും 6-6 എന്ന സ്കോറിലെത്തിയതോടെ ഫൈനലിൽ മൂന്നാം തവണയും ടൈ ബ്രേക്ക്. അവസാന ടൈ ബ്രേക്കിൽ 2-10ന് വിജയിച്ചതോടെ അൽകാരസ് ഫ്രഞ്ച് ഓപ്പൺ പുരുഷ സിംഗിൾസ് കിരീടത്തിൽ വീണ്ടും മുത്തമിട്ടു.

# ഗാസയിലേക്ക് പുറപ്പെട്ട ഗ്രേറ്റയെയും സംഘത്തെയും നടുക്കടലിൽ തടഞ്ഞ് ഇസ്രയേൽ

ഗാസ: പരിസ്ഥിതി പ്രവർത്തകയായ ഗ്രേറ്റ തുൻബർഗിന്റെ നേതൃത്വത്തിൽ ഗാസയിലേക്ക് സഹായങ്ങളുമായി എത്തിയ യാച്ച് പിടിച്ചെടുത്ത് ഇസ്രയേൽ. പുലർച്ചെ രണ്ടോടെയാണ് പലസ്തീൻ അനുകൂല ഫ്രീഡം ഫ്ലോട്ടില കോയിലിഷൻ (എഫ്എഫ്സി) സംഘടിപ്പിച്ച യാത്ര ഗാസ മുനമ്പിനു സമീപം ഇസ്രയേൽ കമാൻഡോകൾ തടഞ്ഞത്. ബ്രിട്ടീഷ് പതാക പാറിയിരുന്ന മാഡ്‌ലീൻ എന്ന യാച്ചിൽ ഗ്രേറ്റയ്ക്കൊപ്പം യൂറോപ്യൻ പാർലമെന്റ് അംഗം റിമ ഹസൻ ഉൾപ്പെടെ 12 പേരാണുണ്ടായിരുന്നത്. ലൈഫ് ജാക്കറ്റ് ഇട്ട് കൈകൾ ഉയർത്തി സംഘം കപ്പലിൽ ഇരിക്കുന്ന ചിത്രം റിമ ഹസൻ ഉൾപ്പെടെയുള്ളവരുടെ എക്സിൽ പങ്കുവച്ചിട്ടുണ്ട്.

ഇസ്രയേലിന്റെ ഉപരോധം ലംഘിച്ച് ഗാസയിൽ കടക്കുകയെന്ന ലക്ഷ്യത്തോടെ പുറപ്പെട്ട കപ്പൽ തടയണമെന്ന് പ്രതിരോധമന്ത്രി ഇസ്രയേൽ കാറ്റ്സ് സൈന്യത്തിനു നിർദേശം നൽകിയിരുന്നു. 'സെലിബ്രിറ്റികളുടെ സെൽഫി യാച്ച്' തീരത്തേക്ക് സുരക്ഷിതമായി പോവുകയാണെന്നായിരുന്നു സംഭവത്തോടെ പ്രതികരിക്കവെ ഇസ്രേലി വിദേശകാര്യ മന്ത്രാലയം പരിഹസിച്ചത്. ഗ്രേറ്റയും മറ്റ് അംഗങ്ങളും മാധ്യമശ്രദ്ധ നേടാനുള്ള ശ്രമത്തിലാണെന്നും അതേസമയം ഇസ്രയേലിൽ നിന്നും 1,200 ട്രക്കുകൾ സഹായവുമായി കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ ഗാസയിലേക്ക് പോയിട്ടുണ്ടെന്നും ടെൽ അവീവ് എക്സ് പോസ്റ്റിലൂടെ പ്രതികരിച്ചു. അതേസമയം, തന്നെ ഇസ്രയേൽ തട്ടിക്കൊണ്ട് പോയെന്നും ബന്ധുക്കളും സുഹൃത്തുക്കളും സ്വീഡിഷ് സർക്കാറിൽ സമ്മർദം ചെലുത്തി തന്റെയും സംഘത്തിന്റെയും മോചനം സാധ്യമാക്കണമെന്നും അഭ്യർഥിക്കുന്ന ഗ്രേറ്റയുടെ വീഡിയോ ഇതിനിടെ എക്സിൽ പ്രചരിക്കുന്നുണ്ട്.

# രാജാ രഘുവംശിയുടെ മരണം കൊലപാതകം; ആസൂത്രണം ചെയ്തത് ഭാര്യയും കാമുകനും: പ്രതികൾ പിടിയിൽ

ഭോപ്പാൽ: മേഘാലയയിൽ ഹണിമൂൺ ആഘോഷിക്കാൻ പോയി കാണാതായ ദമ്പതികളിൽ ഭർത്താവിനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഭാര്യ അറസ്റ്റിൽ.

ഇൻഡോർ സ്വദേശിനി സോനം ആണ് അറസ്റ്റിലായത്. ശനിയാഴ്ച രാത്രി ഗാസിപുരിലെ ഒരു ധാബയിൽ സോനത്തെ അബോധാവസ്ഥയിൽ കണ്ടെത്തുകയായിരുന്നു. ചികിത്സയ്ക്കായി ഗാസിപുർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സോനം, പിന്നീട് പോലീസിനു മുന്നിൽ കീഴടങ്ങി. തുടർന്ന് ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തി.

രാജാ രഘുവംശിയെ വടിവാൾ ഉപയോഗിച്ചാണ് കൊലപ്പെടുത്തിയത്. മൃതദേഹം കണ്ടെത്തിയ സ്ഥലത്തിനു സമീപത്തുനിന്ന് കൊലപ്പെടുത്താൻ ഉപയോഗിച്ച വടിവാൾ കണ്ടെത്തിയതായി കഴിഞ്ഞ ദവിസം പോലീസ് സ്ഥിരീകരിച്ചിരുന്നു. രാജാ രഘുവംശിയുടെ മൃതദേഹം സഹോദരൻ വിപിൻ രഘുവംശിയാണ് തിരിച്ചറിഞ്ഞത്.

വാടക കൊലയാളികളെ ഉപയോഗിച്ചാണ് സോനം, ഭർത്താവ് രാജാ രഘുവംശിയെ കൊലപ്പെടുത്തിയതെന്ന് മേഘാലയ ഡിജിപി ഇദാഷിഷ നോംഗ്റാംഗ് പറഞ്ഞു.

കൃത്യം നടപ്പിലാക്കിയ വാടക കൊലയാളികളായ മൂന്നു പേരുടെയും അറസ്റ്റ് രേഖപ്പെടുത്തി. ഒരാളെ ഉത്തർപ്രദേശിൽ നിന്നും മറ്റു രണ്ടു പേരെ ഇൻഡോറിൽ നിന്നുമാണ് അറസ്റ്റ് ചെയ്തത്. ഭർത്താവിനെ കൊല്ലാൻ സോനം തങ്ങൾക്കു ക്വട്ടേഷൻ നൽകിയതാണെന്നു പ്രതികൾ സമ്മതിച്ചതായി പോലീസ് അറിയിച്ചു.

യാത്രയുടെ ഉദ്ദേശ്യം തന്നെ രാജയെ ഇല്ലാതാക്കുക എന്നായിരുന്നെന്നും പോലീസ് അറിയിച്ചു. സോനത്തിന് വിവാഹേതര ബന്ധമുള്ളതായി സംശയിക്കുന്നെന്നും അതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് പ്രാഥമിക ചോദ്യം ചെയ്യലിൽ മനസിലായതെന്നും പോലീസ് അറിയിച്ചു. മേഘാലയയിലെ ചിറാപുഞ്ചിയിൽ മേയ് 23നാണ് രാജാ രഘുവംശിയും സോനവും മധുവിധു ആഘോഷിക്കാൻ പോയത്. ഇവരെ പിന്നീട് കാണാതായി. ജൂൺ രണ്ടിന് രാജയുടെ മൃതദേഹം കണ്ടെടുത്തു.

സോനത്തിനു വേണ്ടി തിരച്ചിൽ ഊർജിതമാക്കിയ പോലീസ് ശനിയാഴ്ച ഇവരെ ഗാസിപുരിൽ നിന്നും കണ്ടെത്തുകയായിരുന്നു.

# ഹണിമൂണിനായി സിക്കിമിലേക്ക് പോയി; മണ്ണിടിച്ചിലിൽ കാണാതായ നവദമ്പതികൾക്കായി തിരച്ചിൽ തുടരുന്നു

ഗാംഗ്ടോക്ക്: ഹണിമൂണിനായി സിക്കിമിലേക്ക് പോയ ഉത്തർപ്രദേശിലെ പ്രതാപ്ഗഡ് ജില്ലയിൽ നിന്നുള്ള നവദമ്പതികളെ അപകടത്തിൽപ്പെട്ട് കാണാതായിട്ട് 15 ദിനം. മേയ് അഞ്ചിന് വിവാഹിതരായ കൗശലേന്ദ്ര പ്രതാപ് സിംഗും അങ്കിത സിംഗും മേയ് 24 നാണ് സിക്കിമിലേക്ക് പുറപ്പെട്ടത്.

മേയ് 29ന് മണ്ണിടിച്ചിലിൽ തകർന്ന മംഗൻ ജില്ലയിലെ ടീസ്റ്റ നദിയിലേക്ക് ഇവർ സഞ്ചരിച്ചിരുന്ന കാർ വീണു. ലാചെൻ-ലാചുംഗ് ഹൈവേയിൽ മുൻസിതാംഗിന് സമീപമാണ് കാർ റോഡിൽ നിന്ന് തെന്നിമാറിയത്.

അവരോടൊപ്പം സഞ്ചരിച്ചിരുന്ന മറ്റ് ഒമ്പത് പേരിൽ ഒരാൾ മരിച്ചു. വടക്കൻ സിക്കിമിലെ സിംഗിക്കിൽ നിന്നുള്ള ഡ്രൈവർ പസാംഗ് ദേനു ഷെർപ്പയാണ് സംഭവസ്ഥലത്ത് തന്നെ മരിച്ചത്.

ഒഡീഷയിൽ നിന്നുള്ള സ്വയം സുപ്രതിം നായക്, സാമ്രാജ് ജെന എന്നിവരെ രക്ഷപ്പെടുത്തി. കൗശലേന്ദ്ര പ്രതാപ് സിംഗിന്റെ പിതാവ് ഷേർ ബഹാദൂർ സിംഗ് സിക്കിമിലുണ്ട്.

'ഇവിടെ എത്തിയിട്ട് എട്ടാം ദിവസമാണ്. അപകടസ്ഥലം ഞങ്ങൾ പലതവണ സന്ദർശിച്ചു. സംഭവസ്ഥലത്ത് നിന്ന് എന്തൊക്കെ സാധനങ്ങൾ കണ്ടെടുത്തിട്ടുണ്ടെങ്കിലും, ഒന്നും എന്റെ മകന്റെയും ഭാര്യയുടെയും സ്വന്തമല്ല. അവരെ കണ്ടെത്തുന്നതുവരെ ഞാൻ വീട്ടിലേക്ക് മടങ്ങില്ല. എന്റെ മകന്റെയും മരുമകളുടെയും ജീവനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു'. - ഷേർ ബഹാദൂർ സിംഗ് പറഞ്ഞു.

കാണാതായ വിനോദ സഞ്ചാരികൾക്കായി എൻഡിആർഎഫ്, ഫയർ ആൻഡ് എമർജൻസി സർവീസസ്, വനം വകുപ്പ്, ടൂറിസം വകുപ്പ്, ടിഎഎഎസ് (ട്രാവൽ ഏജൻറ്സ് അസോസിയേഷൻ ഓഫ് സിക്കിം), പോലീസ് എന്നിവയിലെ ഉദ്യോഗസ്ഥർ തിരച്ചിൽ നടത്തുന്നുണ്ട്. എന്നാൽ, മോശം കാലാവസ്ഥ രക്ഷാപ്രവർത്തനത്തിന് തടസമാകുന്നുണ്ട്.

കാണാതായ വിനോദ സഞ്ചാരികളായ അജിത് കുമാർ നായക്, സുനിത നായക്, സാഹിൽ ജെന, ഇത്ഷിരി ജെന എന്നിവർ ഒഡീഷ സ്വദേശികളാണ്. ദേബ്ജ്യോതി ജോയ് ദേവ്, സ്വപ്നിൽ ദേബ് എന്നിവർ ത്രിപുരയിൽ നിന്നുള്ളവരാണ്.

# രണ്ടാം മത്സരത്തിലും ജയം; വെസ്റ്റ് ഇൻഡീസിനെതിരായ ടി20 പരമ്പര സ്വന്തമാക്കി ഇംഗ്ലണ്ട്

ലണ്ടൻ: വെസ്റ്റ് ഇൻഡീസിനെതിരായ ടി20 പരമ്പര സ്വന്തമാക്കി ഇംഗ്ലണ്ട്. ഞായറാഴ്ച നടന്ന രണ്ടാം മത്സരത്തിലും വിജയിച്ചതോടെയാണ് ഇംഗ്ലണ്ട് പരമ്പര സ്വന്തമാക്കിയത്.

ബ്രിസ്റ്റോളിൽ നടന്ന രണ്ടാം മത്സരത്തിൽ നാല് വിക്കറ്റിനാണ് ഇംഗ്ലണ്ട് വിജയിച്ചത്. വിൻഡീസ് ഉയർത്തിയ 197 റൺസ് വിജയലക്ഷ്യം ഒൻപത് പന്ത് ബാക്കി നിൽക്കെ ആറ് വിക്കറ്റ് നഷ്ടത്തിൽ ഇംഗ്ലണ്ട് മറികടന്നു. ജോസ് ബട്‌ലറുടെയും ഹാരി ബ്രൂക്കിന്റെയും ടോം ബാൻറണിന്റെയും ബെൻ ഡക്കറ്റിന്റെയും ജേക്കബ് ബേതലിന്റെയും വെടിക്കെട്ട് ബാറ്റിംഗിന്റെ മികവിലാണ് വിജയത്തിലെത്തിയത്. 47 റൺസെടുത്ത ജോസ് ബട്ട്‌ലറാണ് ഇംഗ്ലണ്ടിന്റെ ടോപ് സ്കോറർ. ബ്രൂക്ക് 34 റൺസെടുത്തു. ഡക്കറ്റും ബാൻറണും 30 റൺസ് വീതവും ബേതൽ 26 റൺസും സ്കോർ ചെയ്തു. വിൻഡീസിന് വേണ്ടി അൽസാരി ജോസഫ് രണ്ട് വിക്കറ്റും അഖിയേൽ ഹോസെൻ, ജേസൺ ഹോൾഡർ, റൊമാരിയോ ഷെപ്പേഡ്, റോസ്റ്റൻ ചേസ് എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

ആദ്യം ബാറ്റ് ചെയ്ത വെസ്റ്റ് ഇൻഡീസ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിലാണ് 196 റൺസെടുത്തത്. ഷായ് ഹോപ്, ജോൺസൺ ചാൾസ്, റോവ്മാൻ പവൽ, ജേസൺ ഹോൾഡൽ എന്നിവരുടെ ഗംഭീര ബാറ്റിംഗിന്റെ മികവിലാണ് വിൻഡീസ് മികച്ച സ്കോർ പടുത്തുയർത്തിയത്.

പരന്പരയിലെ ആദ്യ മത്സരത്തിൽ ഇംഗ്ലണ്ട് 21 റൺസിന് വിജയിച്ചിരുന്നു. ചൊവ്വാഴ്ചയാണ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം.

# മലയാളി യുവ എഞ്ചിനീയർ ദുബായിൽ സ്കൂബ അപകടത്തിൽ മരിച്ചു

ദുബായ്: മലയാളി യുവ എഞ്ചിനീയർ ദുബായിൽ സ്കൂബ അപകടത്തിൽ മരിച്ചു. തൃശൂർ വടക്കാഞ്ചേരി വേലൂർ ഒലെക്കേങ്കിൽ വീട്ടിൽ ഐസക് പോൾ (29) ആണ് സ്കൂബ ഡൈവിംഗിനിടെ മരിച്ചത്. കൂടെയുണ്ടായിരുന്ന സഹോദരൻ ഐവിന് പരിക്കേറ്റു. ഭാര്യ രേഷ്മ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. ആശുപത്രിയിൽ ചികിത്സയിലുള്ള ഐവിൻ അപകടനില തരണം ചെയ്തതായാണ് വിവരം. അഞ്ച് വർഷത്തിലേറെയായി യുഎഇയിൽ ജോലി ചെയ്തു വരുന്ന ഐസക് ദുബായിലെ അലെക് എഞ്ചിനീയറിംഗ് കമ്പനിയിലാണ് പ്രവർത്തിക്കുന്നത്. ഭാര്യ രേഷ്മയും എഞ്ചിനീയറാണ്. വെള്ളിയാഴ്ച രാവിലെ ദുബായ് ജുമൈറ ബീച്ചിൽ സ്കൂബ ഡൈവിംഗിനിടെയാണ് അപകടമുണ്ടായത്. മൂവർക്കും സ്കൂബ ഡൈവിംഗിന് മുൻപ് സ്വിമ്മിംഗ് പൂളിൽ പരിശീലനം ലഭിച്ചിരുന്നു. എന്നാൽ ഓക്സിജൻ ലഭിക്കാതെ എസക്കിന് ഹൃദയാഘാതം സംഭവിക്കുകയായിരുന്നു എന്നാണ് വിവരം. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# നീലഗിരിയിൽ കാട്ടാനയാക്രമണത്തിൽ മലയാളി കൊല്ലപ്പെട്ടു

നീലഗിരി: തമിഴ്നാട് നീലഗിരി പന്തല്ലൂരിനടുത്ത് കാട്ടാനയാക്രമണത്തിൽ മലയാളി കൊല്ലപ്പെട്ടു. ചന്തക്കുന്ന് സ്വദേശി ജോയ്(60) ആണ് മരിച്ചത്. കാപ്പിത്തോട്ടത്തിൽ വച്ചാണ് ആക്രമണമുണ്ടായത്. വീടിന് 100 മീറ്റർ അകലെ വച്ചാണ് ജോയിയെ കാട്ടാന ആക്രമിച്ചത്. രാത്രി എട്ടോടെയാണ് സംഭവം. മൃതദേഹം പന്തലൂർ സർക്കാർ ആശുപത്രിയിലേക്ക് മാറ്റി. ഇന്ന് വൈകിട്ട് കാട്ടാന റോഡിലിറങ്ങിയിരുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥർ കാട്ടാനയെ ഓടിക്കുന്ന നടപടിയിലേക്ക് കടന്നിരുന്നു. എന്നാൽ കാട്ടാന തന്റെ വീടിനടുത്തുള്ള വിവരം ജോയി അറിഞ്ഞിരുന്നില്ല. ഉടൻ കാട്ടാന ആക്രമിക്കുകയായിരുന്നു. ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോഴേക്കും മരണം സംഭവിച്ചിരുന്നു.

# ഐ.ടി.ഐ പ്രവേശനം

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐയിലെ 22 എൻ.സി.വി.ടി ട്രേഡുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. https://itiadmissions.kerala.gov.in വഴി ഓൺലൈനായി ജൂൺ 20 വരെ അപേക്ഷിക്കാം. അപേക്ഷ ഫീസ് 100 രൂപ. അപേക്ഷ സമർപ്പിച്ച ശേഷം പ്രിന്റൗട്ട്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 24 നകം സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി തൊട്ടടുത്തുള്ള ഐ ടി ഐയിൽ ഹാജരാകണം.

# ഷൂട്ടൗട്ടിൽ സ്പെയ്ൻ വീണു; പോർച്ചുഗലിന് യുവേഫ നേഷൻസ് ലീഗ് കീരിടം

മ്യൂണിക്ക്: യുവേഫ നേഷൻസ് ലീഗ് കിരീടം നേടി പോർച്ചുഗൽ. ഫൈനലിൽ സ്പെയ്നെ പെനാൽറ്റി ഷൂട്ടൗട്ടിൽ വീഴ്ത്തിയാണ് ക്രിസ്റ്റ്യാനോ റോണാൾഡോയും സംഘവും കിരീടം സ്വന്തമാക്കിയത്. നിശ്ചിത സമയത്തും അധികസമയത്തും ഇരുടീമുകളും രണ്ട് ഗോൾ വീതം നേടി സമനില പാലിച്ചതോടെയാണ് മത്സരം ഷൂട്ടൗട്ടിലേക്ക് നീണ്ടത്. ഷൂട്ടൗട്ടിൽ 5-3 നായിരുന്നു പോർച്ചുഗൽ വിജയിച്ചത്. മ്യൂണിക്കിലെ അലയൻസ് അരീനയിൽ നടന്ന മത്സരത്തിൽ സ്പെയ്ൻ താരം മാർട്ടിൻ സുബിമെൻഡിയാണ് ആദ്യം ഗോൾ നേടിയത്. മത്സരത്തിന്റെ 21-ാം മിനിറ്റിലാണ് താരം ഗോൾ കണ്ടെത്തിയത്.

എന്നാൽ 26-ാം മിനിറ്റിൽ പോർച്ചുഗൽ ഒപ്പമെത്തി. നൂനോ മെൻഡിസിന്റെ ഗോളിലൂടെയാണ് പോർച്ചുഗൽ ഒപ്പമെത്തിയത്. 45-ാം മിനിറ്റിൽ മൈക്കിൾ ഒയർസബായ് വീണ്ടും സ്പെയ്നെ മുന്നിലെത്തിച്ചു.

എന്നാൽ പിന്നീട് ഗോൾ മടക്കാൻ ശ്രമിക്കുന്ന പോർച്ചുഗലിനെയാണ് കണ്ടത്. 61-ാം മിനിറ്റിൽ സൂപ്പർ താരം ക്രിസ്റ്റ്യാനോ റോണാൾഡോ തന്നെ പോർച്ചുഗലിനെ വീണ്ടും സ്പെയ്നൊപ്പമെത്തിച്ചു. സുന്ദരമായ ഗോളിലൂടെയാണ് താരം പോർച്ചുഗലിനെ മത്സരത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. ഇതോടെ ഇരു ടീമിനും രണ്ട് ഗോൾ വീതം ആയി. നിശ്ചിത സമയത്തും പിന്നീട് നടന്ന അധിക സമയത്തെ പോരാട്ടത്തിലും ഇരു ടീമിനും ഗോൾ നേടാൻ സാധിച്ചില്ല. ഇതോടെ മത്സരം ഷൂട്ടൗട്ടിലേക്ക് നീണ്ടും. പോർച്ചുഗലിന് വേണ്ടി കിക്കെടുത്ത അഞ്ച് പേരും പന്ത് വലയിലെത്തിച്ചപ്പോൾ സ്പെയ്ന്റെ താരത്തിന് ലക്ഷ്യം തെറ്റി.

ഇതോടെ 2019ന് ശേഷം പോർച്ചുഗൽ വീണ്ടും യുവേഫ നേഷൻസ് ലീഗ് ചാമ്പ്യൻമാരായി.

# ഗുജറാത്തിൽ യുവ മോഡൽ ജീവനൊടുക്കിയ നിലയിൽ

അഹമ്മദാബാദ്: ഗുജറാത്തിലെ സൂറത്തിൽ യുവ മോഡൽ ജീവനൊടുക്കി. 23 കാരിയായ അഞ്ജലി വർമോറയെയാണ് അത്വ പ്രദേശത്തെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി ആശുപത്രിയിലേക്കു മാറ്റി. ആത്മഹത്യാക്കുറിപ്പുകളൊന്നും ഇതുവരെ കണ്ടെത്തിയിട്ടില്ലെങ്കിലും അഞ്ജലി ദീർഘകാലമായി മാനസിക സമ്മർദ്ദം അനുഭവിച്ചിരുന്നതായി സൂചനയുണ്ടെന്ന് പോലീസ് പറഞ്ഞു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. നേരത്തെ, മധ്യപ്രദേശിൽ നിന്നുള്ള 19 കാരിയായ മോഡൽ സുഖ്പ്രീത് കൗറിനെ സൂറത്തിലെ സരോലി പ്രദേശത്ത് മരിച്ച നിലയിൽ കണ്ടെത്തിയിരുന്നു.

# ശ്രീനാരായണ അന്തർദേശീയ പുരസ്ക്കാര സമർപ്പണം: തീയതി മാറ്റി

തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിലെ ടി.എൻ.ജി ഹാളിൽ ജൂൺ 11 ന് നടത്തുവാൻ തീരുമാനിച്ചിരുന്ന ശ്രീനാരായണ അന്തർദേശീയ പുരസ്ക്കാര സമർപ്പണ ചടങ്ങ് ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചു. പുതുക്കിയ തീയതി അറിയിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വെണ്ണിലാ ചന്ദനക്കിണ്ണത്തിന്റെ പാട്ടുകാരിക്ക് ഈദ് മുബാരക്...

രവിമേനോൻ





ശബ്നത്തെക്കുറിച്ചുള്ള എല്ലാ ഓർമ്മകളും ചെന്നുനിൽക്കുക തിളക്കമാർന്ന രണ്ട് കുഞ്ഞിക്കണ്ണുകളിലാണ്. ഏകാന്തസുന്ദരമായ ഏതോ ലോകത്തേക്ക് ഉൾവലിഞ്ഞുകൊണ്ട്, ചുറ്റും നടക്കുന്നതൊന്നുമറിയാതെ ഏകാഗ്രമായി പാട്ടിലൂടെ ഒഴുകിപ്പോകുന്ന പന്ത്രണ്ടുകാരിയുടെ കണ്ണുകൾ.

ദൂരദർശന് വേണ്ടി എം എസ് നസീമും ഞാനും ചേർന്ന് 1990 കളുടെ അവസാനം ഒരുക്കിയ ആയിരം ഗാനങ്ങൾ തൻ ആനന്ദലഹരി എന്ന മെഗാ സംഗീത പരമ്പരയിൽ, രേണുകയുടെയും ലതയുടെയും കുട്ടിപ്പാട്ടുകൾ പാടാൻ വന്നതായിരുന്നു അവൾ. 'അഴകിയ രാവണനി"ൽ യേശുദാസിനൊപ്പം വെണ്ണിലാ ചന്ദനക്കിണ്ണം എന്ന സൂപ്പർ ഹിറ്റ് ഗാനം പാടിക്കഴിഞ്ഞിരുന്നു അപ്പോഴേക്കും ശബ്നം. ഗാനഗന്ധർവനൊപ്പം പാടിയ 'നിറ"ത്തിലെ ശുക്രിയാ ശുക്രിയാ പുറത്തുവരാനിരിക്കുന്നു. പക്ഷേ താരപരിവേഷമൊന്നും ഉണ്ടായിരുന്നില്ല ശബ്നത്തിന്റെ പെരുമാറ്റത്തിൽ. അങ്ങേയറ്റം വിനയാന്വിത. മിതഭാഷി.

പിന്നെയെപ്പൊഴോ സിനിമയിൽ നിന്നും സിനിമാസംഗീതത്തിൽ നിന്നും അകലുന്നു ശബ്നം. പാടിയ ആദ്യഗാനം തന്നെ സൂപ്പർ ഹിറ്റാക്കിയ ഗായികക്ക് എന്ത് സംഭവിച്ചു എന്നറിയാൻ ആഗ്രഹം തോന്നിയത് സ്വാഭാവികം. 'കുറച്ചു പടങ്ങളിൽ കൂടി പാടിയെങ്കിലും ശ്രദ്ധിക്കപ്പെട്ടവ അപൂർവമായിരുന്നു. സിനിമയല്ല എന്റെ മേഖല എന്ന് തോന്നി. സംഗീതം കുറേക്കൂടി ഗൗരവത്തോടെ പഠിക്കണം എന്ന ആഗ്രഹമാണ് ബി എ മ്യൂസിക് കോഴ്സിന് ചേരാൻ പ്രേരിപ്പിച്ചത്. അവിടെ കാത്തിരുന്നത് മറ്റൊരു ലോകമായിരുന്നു. അതു കഴിഞ്ഞു എം എ ചെയ്തു. സൂഫി സംഗീതത്തിൽ ഗവേഷണം നടത്തി. കഴിഞ്ഞ ദിവസം തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ വോക്കൽ മ്യൂസിക് ലക്ചററായി ചേർന്നതോടെ സംഗീത ജീവിതത്തിൽ പുതിയൊരു യാത്രക്ക് തുടക്കമിടുകയാണ് ശബ്നം റിയാസ്.

ഒരൊറ്റ പാട്ടിലൂടെ മലയാളികളുടെ ഹൃദയം കവർന്ന കൊച്ചുഗായിക ഇന്ന് രണ്ടു മക്കളുടെ അമ്മ. എങ്കിലും ജീവിതത്തെ അളവറ്റ കൗതുകത്തോടെ, ജിജ്ഞാസയോടെ നോക്കിക്കാണുന്ന ആ പഴയ കുട്ടി ഇന്നുമുണ്ട് ശബ്നം റിയാസിന്റെ ഉള്ളിൽ. സ്വപ്നജീവിയായ ഒരു കുട്ടി. അധികം മലയാളി ഗായകർ, പ്രത്യേകിച്ച് വനിതകൾ, കടന്നുചെല്ലാത്ത ഖവാലിയുടെ വഴി തിരഞ്ഞെടുക്കാൻ ശബ്നത്തെ പ്രേരിപ്പിച്ചതും ഉള്ളിലെ ആ സ്വപ്നസഞ്ചാരിയാകാം. സൂഫി സംഗീതമാണ് ഇന്ന് ശബ്നത്തിന്റെ ലോകം. പാടാൻ മാത്രമല്ല പാട്ടിന് പിറകെ ഗവേഷണമനസ്സോടെ സഞ്ചരിക്കാനും സമയം കണ്ടെത്തുന്നു ഈ ഗായിക. ഏകാഗ്രമായ ആ തപസ്യയിൽ നിന്ന് അക്കാദമിക് പ്രാധാന്യമുള്ള ഒരു പുസ്തകം പിറവികൊണ്ടിട്ട് അധികമായിട്ടില്ല, 'ഹിന്ദുസ്ഥാനി സംഗീതത്തിലും ഖവാലികളിലും ഗസലുകളിലും മുൻപേ താൽപ്പര്യമുണ്ട്. സംഗീതത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ ചെയ്തതോടെ ആ താല്പര്യം തീവ്രമായ പ്രണയമായി വളർന്നു; അത്രമാത്രം." ശബ്നം ചിരിക്കുന്നു.

കൊല്ലം ഉളിയകോവിൽ സ്വദേശിയായ ശബ്നം സിനിമയിൽ പാടിയത് യാദൃച്ഛികമായാണ്. പാട്ടിനോട് കുട്ടിക്കാലംമുതലേ ഉണ്ടായിരുന്നു കമ്പം. മത്സരങ്ങളിലൊക്കെ സ്ഥിരമായി പങ്കെടുക്കും. കൊല്ലം സെന്റ് ജോസഫ്സ് സ്കൂളിൽ മൂന്നാം ക്ളാസിൽ പഠിക്കുമ്പോഴാണ് ആദ്യത്തെ ആൽബം പുറത്തുവന്നത് വസന്തകാലമേഘങ്ങൾ എന്ന പേരിൽ. ഉണ്ണിമേനോനും ശബ്നവുമാണ് ആ കാസറ്റിലെ പാട്ടുകൾ പാടിയത്. ഈണമിട്ടത് ശബ്നത്തിന്റെ സംഗീതഗുരു തന്നെ കേരളപുരം ശ്രീകുമാർ.

ആ തവണ ദോഹയിൽ നിന്ന് നാട്ടിൽ വന്നു മടങ്ങുമ്പോൾ ശബ്നത്തിന്റെ സംഗീതപ്രേമിയായ അമ്മാവൻ എം എ ഷുക്കൂർ അനന്തരവളുടെ ഗാനങ്ങളടങ്ങിയ കാസറ്റും കയ്യിൽ കരുതി. യാദൃച്ഛികമായി ആ പാട്ടുകൾ ദോഹയിലെ ഷുക്കൂറിന്റെ വീട്ടിൽ വെച്ച് കേൾക്കാനിടയായ സുഹൃത്ത് ഡേവിസ് ആണ് ശബ്നത്തിന്റെ സിനിമാപ്രവേശത്തിന് വഴിയൊരുക്കിയത്. സംഗീതസംവിധായകൻ ഔസേപ്പച്ചന്റെ ബന്ധുവാണ് ഡേവിസ്. പുതിയ സിനിമയിൽ കാവ്യ മാധവന്റെ കഥാപാത്രത്തിന് വേണ്ടി പാടാൻ ഒരു കൊച്ചുഗായികയെ തേടിക്കൊണ്ടിരിക്കുകയാണ് സംവിധായകൻ കമലും കൂട്ടരും എന്ന് ഔസേപ്പച്ചൻ പറഞ്ഞറിയാമായിരുന്നു ഡേവിസിന്. അങ്ങനെ ഡേവിസിന്റെയും ഔസേപ്പച്ചന്റെയും ശുപാർശയിൽ 'അഴകിയ രാവണനി"ൽ പാടാൻ ചെന്നൈ എ വി എം സ്റ്റുഡിയോയിൽ എത്തുന്നു അന്ന് പത്തു വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഗായിക. വർഷം 1996.

'കമൽ സാർ, വിദ്യാസാഗർ സാർ, ഔസേപ്പച്ചൻ സാർ, കൈതപ്രം സാർ, സിനിമയിലെ നായകനായ മമ്മുക്ക, മമ്മുക്കയുടെ ഭാര്യ ഒക്കെയുണ്ടായിരുന്നു റെക്കോർഡിംഗിന്." ശബ്നത്തിന്റെ ഓർമ്മ. അറിയുന്ന ഒരു ലളിതഗാനം പാടിക്കേൾപ്പിക്കാനാണ് ആദ്യം കിട്ടിയ നിർദ്ദേശം. പഠിച്ചു ഹൃദിസ്ഥമാക്കിയ പാട്ടായിരുന്നതുകൊണ്ട് ആത്മവിശ്വാസത്തോടെ തന്നെ പാടി. എല്ലാവർക്കും സംതൃപ്തി. 'വിദ്യാജിയാണ് വെണ്ണിലാച്ചന്ദനക്കിണ്ണം പഠിപ്പിച്ചത്. ആ സമയത്ത് യേശുദാസ് സാർ പാടിയിട്ടില്ല. എന്റെ ഭാഗം മാത്രമാണ് റെക്കോർഡ് ചെയ്തത്. ശബ്ദത്തിന് അൽപ്പം മച്യൂരിറ്റി കൂടിപ്പോയോ എന്ന് കേട്ടുനിന്നവർക്ക് സംശയം. പാട്ടിൽ കുറച്ചുകൂടി കുട്ടിത്തം കൊണ്ടുവരാൻ മമ്മുക്ക ഉപദേശിച്ചത് ഓർമ്മയുണ്ട്. പത്തു വയസ്സല്ലേയുള്ളൂ. ആദ്യമായി സിനിമയിൽ പാടുന്നതിന്റെ ത്രിൽ ഒന്നും ഉൾക്കൊള്ളാനുള്ള പ്രായമായിട്ടില്ല. അതുകൊണ്ടുതന്നെ ഭയവും ഉണ്ടായിരുന്നില്ല. പറഞ്ഞപോലെ പാടി. അത്രതന്നെ."

അധികം വൈകാതെ 'അഴകിയ രാവണ"ന്റെ കാസറ്റ് പുറത്തിറങ്ങുന്നു. തൊട്ടുപിന്നാലെ സിനിമയും. 'എന്റെ പാട്ട് വലിയ ഹിറ്റായി എന്നൊക്കെ പലരും പറഞ്ഞുകേട്ടപ്പോൾ സന്തോഷം തോന്നി. അന്ന് അതിന്റെ പ്രാധാന്യം ശരിക്കും അറിഞ്ഞിരുന്നില്ലെങ്കിലും." ശബ്നം പറയുന്നു. മൂന്ന് പതിറ്റാണ്ടിന് ശേഷവും ആ ഗാനം ഹൃദയത്തോട് ചേർത്തുവെക്കുന്നവരെ ദിനംപ്രതിയെന്നോണം കണ്ടുമുട്ടാറുണ്ട് ശബ്നം . വെണ്ണിലാ ചന്ദനക്കിണ്ണം പാടിയ ഗായിക എന്ന് പറഞ്ഞു ആരെങ്കിലും പരിചയപ്പെടുത്തുമ്പോൾ ആളുകളുടെ മുഖത്തു വിരിയുന്ന വിസ്മയം സന്തോഷത്തോടെ ആസ്വദിക്കാറുമുണ്ട്. എത്രയോ പേരുടെ ഫോണിൽ റിംഗ് ടോണാണ് ഇന്നും ആ പാട്ട്. ഗാനമേളകളിലും അത് പാടിക്കാതെ വിടാറില്ല സദസ്സ്. 'വർഷങ്ങൾക്ക് മുൻപ് നമ്മൾ പാടിയ പാട്ട് ഇപ്പോഴും ആളുകളുടെ മനസ്സിൽ ജീവിക്കുന്നു എന്ന അറിവ് ആരെയാണ് ആനന്ദിപ്പിക്കാത്തത്?" ശബ്നത്തിന്റെ ചോദ്യം. വേറെയും അത്ഭുതങ്ങൾ ശബ്നത്തിന് വേണ്ടി കാത്തുവെച്ചു സംഗീതജീവിതം. ഖവാലി പാടുന്നത് കേട്ട് എ ആർ റഹ്മാന്റെ മകൾ ഖദീജ വിളിച്ചതാണ് അവയിലൊന്ന്. എന്നെ പഠിപ്പിക്കാമോ എന്നായിരുന്നു ഖദീജയുടെ ചോദ്യം. ആദ്യം വിശ്വസിക്കാനായില്ലെന്ന് ശബ്നം. ഒടുവിൽ ചെന്നൈയിൽ ചെന്ന് ക്ലാസെടുത്തു.

സിനിമയിൽ ഒപ്പം പാടിയ ഗന്ധർവഗായകനെ നേരിൽ കാണാൻ പിന്നെയും കുറച്ചുകാലം കൂടി കാത്തിരിക്കേണ്ടിവന്നു ശബ്നത്തിന്. ദുബായിലെ ഒരു സംഗീത പരിപാടിയിൽ വെച്ചായിരുന്നു യേശുദാസുമായുള്ള ആദ്യകൂടിക്കാഴ്ച. 'ദാസ് സാറും ചിത്രയും കൂടിയുള്ള ഗാനമേളയായിരുന്നു. അതിഥി ഗായികയായി ഞാനും. വെണ്ണിലാ ചന്ദനക്കിണ്ണം പാടിയ കുട്ടി എന്ന് ആരോ പരിചയപ്പെടുത്തിയപ്പോൾ ദാസ് സാർ പറഞ്ഞു: ആദ്യം ആ പാട്ട് നീ സോളോ ആയി പാടിക്കേൾക്കട്ടെ എന്ന്. പാടിത്തീർന്നപ്പോൾ എന്നെ അഭിനന്ദിച്ചു അദ്ദേഹം. എന്നിട്ട് ഇത്രകൂടി പറഞ്ഞു: ഇനി നമ്മൾ രണ്ടുപേരും കൂടി അതേ പാട്ട് പാടുന്നു. എനിക്ക് അത്ഭുതമായിരുന്നു. ദാസ് സാറുമൊത്ത് ഒരേ വേദിയിൽ ഒരുമിച്ചു നിന്ന് പാടുക. ആ നിമിഷങ്ങൾ അമൂല്യമായ ഓർമ്മയായി ഇന്നും മനസ്സിലുണ്ട്.."

മദാമ്മ എന്ന ചിത്രത്തിന് വേണ്ടിയാണ് അടുത്തതായി പാടിയത് ഔസേപ്പച്ചന്റെ ഈണത്തിൽ എം ശ്രീകുമാറിനൊപ്പം വാവക്കും പാവക്കും എന്നൊരു കുട്ടിപ്പാട്ട്. പിന്നീടായിരുന്നു 'നിറം." സംസ്ഥാന യുവജനോത്സവത്തിൽ ലളിതഗാനത്തിൽ ഒന്നാം സമ്മാനം കിട്ടിയ വാർത്ത അറിയിക്കാൻ ഫോണിൽ വിളിച്ചപ്പോഴാണ് അടുത്ത പടത്തിൽ പാട്ടുണ്ടെന്നു കമൽ സാർ പറയുന്നത്. നിനച്ചിരിക്കാതെ കൈവന്ന സൗഭാഗ്യം. മിമിക്സ് 2000, അയോദ്ധ്യ, ഭദ്ര, ഫോർട്ട് കൊച്ചി എന്നീ ചിത്രങ്ങളിൽ കൂടി പാടിയെങ്കിലും കഴിവു തെളിയിക്കാൻ പോന്ന അവസരങ്ങൾ കുറവായിരുന്നു. കുറച്ചെങ്കിലും ശ്രദ്ധിക്കപ്പെട്ടത് ടെലിവിഷൻ പരമ്പരകൾക്ക് വേണ്ടി പാടിയ പാട്ടുകളാണ്. എം ജയചന്ദ്രൻ ചിട്ടപ്പെടുത്തിയ നിഴലുകൾ എന്ന സീരിയലിലെ മുകിലേ എന്ന ശീർഷകഗാനം ശബ്നത്തിന് ക്രിട്ടിക്സ് അവാർഡ് നേടിക്കൊടുക്കുകയും ചെയ്തു.

ഇതല്ല നിന്റെ വഴി എന്ന് അപ്പോഴും മനസ്സിലിരുന്ന് ആരോ പറയുന്നുണ്ടായിരുന്നു. അങ്ങനെയാണ് സൂഫി സംഗീതത്തിന്റെ മായാലോകത്തേക്ക് ശബ്നം കടന്നു ചെല്ലുന്നത്. പക്ഷേ പ്രതിബന്ധങ്ങളായിരുന്നു ഏറെയും. ബിരുദാനന്തര കോഴ്സിന് പ്രബന്ധാവതരണത്തിനുള്ള വിഷയമായി സൂഫി സംഗീതം തിരഞ്ഞെടുത്തപ്പോൾ തന്നെ പലരുടെയും നെറ്റി ചുളിഞ്ഞു. അത് സ്വാഭാവികമായിരുന്നു താനും. അദ്ധ്യാപകരിൽ പലർക്കും പരിചിതമായിരുന്നില്ലല്ലോ ആ മേഖല. മാർഗ്ഗനിർദ്ദേശം തരാൻ അധികമാരും ഇല്ലായിരുന്നതിനാൽ ഒട്ടും എളുപ്പമായിരുന്നില്ല ദൗത്യം. എങ്കിലും പിന്മാറാൻ ഒരുക്കമായിരുന്നില്ല ശബ്നം. കഠിനാധ്വാനത്തിലൂടെ സമ്പാദിച്ച അറിവ് പുസ്തകരൂപത്തിലാക്കിയപ്പോൾ അത് പ്രകാശനം ചെയ്യാൻ ടി എം കൃഷ്ണയെപ്പോലൊരാളെ കിട്ടിയത് മറ്റൊരു ഭാഗ്യം.

ഖവാലിയോടുള്ള ആഭിമുഖ്യം രക്തത്തിലുണ്ടെന്നു പറയും ശബ്നം. 'എന്റെ അമ്മൂമ്മയുടെ അപ്പൂപ്പൻ സംഗീതജ്ഞനായിരുന്നു. വാവാശാൻ ഭാഗവതർ എന്നായിരുന്നു പേര്. നല്ലൊരു ഖവാലി ഗായകനായിരുന്നവത്രെ അദ്ദേഹം. ആ പാരമ്പര്യമാണ് എനിക്ക് കിട്ടിയതെന്ന് പലരും പറയാറുണ്ട്." സ്വന്തം ആലാപനശൈലിയും ശബ്ദവും ഖവാലിക്ക് ഇണങ്ങുമെന്നു കണ്ടെത്തിയത് ശബ്നം തന്നെ. വനിതകൾ പൊതുവെ കടന്നുവരാൻ മടിക്കുന്ന മേഖലയാണ് ഖവാലി. ആദ്യത്തെ പൊതു പരിപാടിയോടെ തന്നെ എല്ലാ ആശങ്കയും നീങ്ങി. കേരള നിയമസഭയിലെ വിദ്യാർത്ഥി പാർലിമെന്റിലാണ് ശബ്നവും കൂട്ടരും ആദ്യ പരിപാടി അവതരിപ്പിച്ചത്. അങ്ങേയറ്റം പ്രോത്സാഹജനകമായിരുന്നു പ്രതികരണം. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കുട്ടികൾ ഹൃദയപൂർവം ആ മെഹ്ഫിൽ ആസ്വദിച്ചു. തുടർന്ന് സൂര്യ ഉൾപ്പെടെ നിരവധി വേദികൾ. പാടിപ്പതിഞ്ഞ ഖവാലികൾക്ക് പുറമെ മൗലികമായ പുതിയ സൃഷ്ടികളും സ്റ്റേജിൽ അവതരിപ്പിക്കാൻ ശ്രദ്ധിക്കുന്നു ശബ്നം. ഉർദു ഭാഷയിൽ രചിക്കപ്പെട്ട ഈ ഗാനങ്ങൾ ചിട്ടപ്പെടുത്തിയത് ശബ്നം തന്നെ.

'ആകാശഗംഗ" എന്ന ചിത്രത്തിൽ മുഖ്യ റോളിൽ അഭിനയിച്ച റിയാസ് ആണ് ശബ്നത്തിന്റെ ജീവിത പങ്കാളി. മക്കൾ നുമയും അർമാനും. സിനിമയ്ക്കപ്പുറത്തും സംഗീതമുണ്ടെന്നും അത് നന്നായി ആസ്വദിക്കപ്പെടുന്നുവെന്നുമുള്ള തിരിച്ചറിവാണ് ഇന്ന് ശബ്നത്തിലെ ഗായികയെ മുന്നോട്ടു നയിക്കുന്നത്. ഉള്ളിലെ ആ സ്വപ്നസഞ്ചാരി ഒരിക്കലും ഉറങ്ങുന്നില്ലല്ലോ.

## മാഹി ബൈപ്പാസ് ടോൾ പ്ലാസയിൽ സംഘർഷം; പോലീസ് കേസെടുത്തു

കണ്ണൂർ: മാഹി ബൈപ്പാസ് ടോൾ പ്ലാസയിൽ സെക്യൂരിറ്റി ജീവനക്കാരനും യാത്രക്കാരും തമ്മിൽ സംഘർഷം. ഞായറാഴ്ച രാത്രി ഒമ്പതിനുണ്ടായ സംഭവത്തിൽ തലശേരി പോലീസ് കേസെടുത്തു. ഹോൺ അടിച്ചെന്ന് ആരോപിച്ച് സെക്യൂരിറ്റി ജീവനക്കാരനും സൂപ്പർവൈസറും മർദിച്ചെന്നു കാണിച്ച് ചൊക്ലി സ്വദേശികളാണ് പരാതി നൽകിയത്. അതേസമയം ടോൾ നൽകാതെ വണ്ടി നിർത്താതെ പോയത് ചോദ്യം ചെയ്തപ്പോഴാണ് സംഘർഷമുണ്ടായതെന്നാണ് ടോൾ പ്ലാസ ജീവനക്കാരുടെ വാദം. യാത്രക്കാരും ടോൾ പ്ലാസ ജീവനക്കാരും സംഘർഷത്തിന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടു. കണ്ണൂരിൽ നിന്ന് തലശേരിയിലേക്ക് പോവുകയായിരുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാരാണ് പരാതി നൽകിയത്. വലിയ തിരക്കുണ്ടായിരുന്നുവെന്നും അര മണിക്കൂറോളം കാത്തുനിന്നെന്നും യാത്രക്കാർ പറയുന്നു. ഹോണടിച്ചതോടെ ടോൾ പ്ലാസ ജീവനക്കാരൻ വന്ന് ഹോണടിച്ചാൽ കാറിന്റെ ചില്ല് അടിച്ചു തകർക്കുമെന്ന് പറഞ്ഞതായി പരാതിയിൽ പറയുന്നു. തുടർന്ന് ചോദിക്കാൻ പുറത്തിറങ്ങിയപ്പോൾ തള്ളിത്താഴെയിട്ടെന്നും പരാതിയിലുണ്ട്. ടോൾ പ്ലാസ ജീവനക്കാരൻ ഒരാളെ തള്ളിത്താഴെയിടുന്ന ദൃശ്യം പുറത്തുവന്നു. ചെരിപ്പൂരി യാത്രക്കാരിക്ക് നേരെ ഓങ്ങുന്നതും കാണാം. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

## ഷൈൻ ടോം ചാക്കോയുടെ പിതാവിന്റെ സംസ്കാരം നടത്തി

തൃശൂർ: നടൻ ഷൈൻ ടോം ചാക്കോയുടെ പിതാവ് മുണ്ടൂർ ചെറുവത്തൂർ വീട്ടിൽ സി. പി. ചാക്കോയുടെ (72) സംസ്കാരം ഇന്ന് രാവിലെ 10. 30ന് മുണ്ടൂർ പരിശുദ്ധ കർമലമാതാ ദേവാലയത്തിൽ നടത്തി. ഞായറാഴ്ച വൈകുന്നേരം മൂന്നു മുതൽ മുണ്ടൂർ കൃഷിഭവനു സമീപമുള്ള വീട്ടിൽ മൃതദേഹം പൊതുദർശനത്തിനുവച്ച മൃതദേഹത്തിൽ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിച്ചു.

കഴിഞ്ഞ വെള്ളിയാഴ്ച പുലർച്ചെയാണ് ഷൈൻ ടോം ചാക്കോയും, കുടുംബവും സഞ്ചരിച്ചിരുന്ന കാർ അപകടത്തിൽപ്പെട്ട് ഷൈനിന്റെ പിതാവ് ചാക്കോ മരിച്ചത്. ഇന്നുരാവിലെ 8.45ന് തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന ഷൈനിനെയും, അമ്മയെയും ആംബുലൻസിൽ മുണ്ടൂരിലെ വീട്ടിലേക്കു കൊണ്ടുവന്നു. പിന്നീട് പിതാവിന്റെ അന്ത്യകർമങ്ങൾക്കുശേഷം ഷൈനിനെയും അമ്മ മേരി കാർമലിനെയും തുടർ ചികിത്സയിലേക്കുവേണ്ടി തിരികെ ആശുപത്രിയിലേക്ക് കൊണ്ടുപോയി.

പരിക്കേറ്റ ഇരുവരുടേയും ആരോഗ്യനില തൃപ്തികരമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. അപകടത്തിൽ ഷൈനിന്റെ ഇടതുകൈയിലും നട്ടെല്ലിനും ചെറിയ പൊട്ടലുണ്ട്. ഞായറാഴ്ച ഷൈനിനെ കാണാൻ കേന്ദ്രമന്ത്രി സുരേഷ് ഗോപി, നടൻമാരായ കുഞ്ചാക്കോ ബോബൻ, സൗബിൻ ഷാഹിർ, ടൊവിനോ തോമസ്, സംവിധായകൻ ആഷിക് അബു എന്നിവരും ആശുപത്രിയിലെത്തിയിരുന്നു.

## വിരണ്ടോടിയ പോത്തിനുനേരെ വെടിവച്ചു; പെല്ലറ്റ് തുളഞ്ഞുകയറി രണ്ടുപേർക്ക് പരിക്ക്

വയനാട്: വിരണ്ടോടിയ പോത്തിനുനേരെ വെടിവയ്ക്കുന്നതിനിടെ പെല്ലറ്റ് തുളച്ചുകയറി രണ്ടുപേർക്ക് പരിക്ക്. പനമരം നാലാംമൈൽ കെല്ലൂർ കാപ്പുംകുന്ന് സ്വദേശി ജലീൽ, കൂളിവയൽ സ്വദേശി ജസീം എന്നിവർക്കാണ് പരിക്കേറ്റത്. ഇരുവരും മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം.പെല്ലറ്റുകൾ ഇരുവരുടെയും ശരീരത്തിൽനിന്ന് നീക്കംചെയ്തിട്ടുണ്ട്.

ഒരാൾക്ക് മുഖത്തും മറ്റൊരാൾക്ക് വയറ്റിലുമാണ് പെലറ്റ് തുളച്ചുകയറി പരിക്കേറ്റത്. മാനന്തവാടിക്കടുത്ത് നാലാംമൈൽ ഭാഗത്തുനിന്ന് ശനിയാഴ്ച രാത്രി വിരണ്ടോടിയ പോത്ത് കാപ്പുംചാൽ ഭാഗത്ത് ഞായറാഴ്ച രാവിലെയോടെ എത്തി. പ്രദേശത്തെത്തിയ പോത്ത് ആക്രമണകാരിയായതോടെ നാട്ടുകാർ ചേർന്ന് വനംവകുപ്പിനെ വിവരമറിയിച്ചു. വനംവകുപ്പ് ഉദ്യോഗസ്ഥരെത്തി പെല്ലറ്റ് ഉപയോഗിക്കുന്ന തോക്കുകൊണ്ട് വെടിവയ്ക്കുന്നതിനിടെയാണ് രണ്ടുപേരുടെ ശരീരത്തിൽ പെല്ലറ്റ് തുളച്ചുകയറി അപകടമുണ്ടായത്.

## തായ് ബന്ദിയുടെ മൃതദേഹം കണ്ടെത്തി

ടെൽ അവീവ്: ഒക്ടോബർ ഏഴ് ഭീകരാക്രമണത്തിനിടെ തെക്കൻ ഇസ്രയേലിൽനിന്ന് ഹമാസ് ഭീകരർ തട്ടിക്കൊണ്ടുപോയ തായ്‌ലൻഡ് സ്വദേശി നട്ടപോംഗ് പിൻറയുടെ (35) മൃതദേഹം ഇസ്രേലി സേന കണ്ടെടുത്തു.

തെക്കൻ ഗാസയിലെ റാഫയിൽ നടത്തിയ സ്പെഷൽ ഓപറേഷനിലാണ് മൃതദേഹം കണ്ടെത്തിയത്. ഗാസയിൽ നിന്ന് പിടിയിലായ ഭീകരനെ ചോദ്യം ചെയ്തപ്പോഴാണ് മൃതദേഹത്തെക്കുറിച്ച് വിവരം ലഭിച്ചത്.

തായ്‌ലൻഡിൽനിന്ന് കൃഷിപ്പണിക്കാണ് ഇദ്ദേഹം ഇസ്രയേലിലെത്തിയത്. മൃതദേഹം ലഭിച്ചകാര്യം ഇദ്ദേഹത്തിന്റെ ബന്ധുക്കളെ അറിയിച്ചതായി ഇസ്രേലി സേന പറഞ്ഞു.

## ആദിവാസി പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്തതായി പരാതി; എട്ട് പേർ പിടിയിൽ

റാഞ്ചി: ജാർഖണ്ഡിലെ ഗൊഡ്ഡ ജില്ലയിൽ 17കാരിയായ ആദിവാസി പെൺകുട്ടിയെ 10 പേർ ചേർന്ന് പീഡനത്തിന് ഇരയാക്കി. സുന്ദർ പഹാരി പോലീസ് സ്റ്റേഷൻ പരിധിയിൽ വെള്ളിയാഴ്ച നടന്ന സംഭവത്തിൽ ഇതുവരെ എട്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു. പെൺകുട്ടി ഒരു ബന്ധുവിന്റെ വിവാഹത്തിൽ പങ്കെടുക്കാൻ പോയപ്പോഴാണ് ദാരുണ സംഭവം.

വീട്ടിൽനിന്ന് പുറത്തിറങ്ങിയപ്പോൾ ഒരാൾ പിടികൂടി വായിൽ തുണി കെട്ടി ആളൊഴിഞ്ഞ സ്ഥലത്തേക്കു കൊണ്ടുപോയി എന്നാണ് പോലീസിനു നൽകിയ മൊഴിയിൽ പെൺകുട്ടി പറയുന്നത്. തുടർന്ന് 10 പുരുഷന്മാർ ചേർന്ന് പീഡിപ്പിച്ചതായും പെൺകുട്ടി പറയുന്നു. ശനിയാഴ്ച പ്രാദേശിക പഞ്ചായത്ത് യോഗം ചേർന്ന് വിഷയം ഒതുക്കി തീർക്കാൻ ശ്രമിച്ചതായാണ് പെൺകുട്ടിയുടെ കുടുംബത്തിന്റെ ആരോപണം.

ഇരയുടെ കുടുംബം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഞായറാഴ്ച 10 പേർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തു. എട്ടു പേരെ അറസ്റ്റ് ചെയ്തു. ശേഷിക്കുന്ന രണ്ടു പ്രതികൾക്കായി തിരച്ചിൽ തുടരുകയാണ്. ഇരയെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കിയിരിക്കുകയാണ്. പോലീസ് സൂപ്രണ്ട് മുകേഷ് കുമാർ പറഞ്ഞു.

## രാജ്യത്തിനായി ചെയ്യാവുന്നതെല്ലാം ചെയ്തു; ശശി തരൂർ

ന്യൂഡൽഹി: രാജ്യത്തിനായി ചെയ്യാവുന്നതെല്ലാം ചെയ്തുവെന്നും കൂടെ നിന്ന ഇന്ത്യക്കാർക്കും ഇന്ത്യയെ സ്നേഹിക്കുന്നവർക്കും നന്ദിയുണ്ടെന്നും ശശി തരൂർ എം പി. എക്സിലിട്ട കുറിപ്പിലൂടെയായിരുന്നു തരൂരിന്റെ പ്രതികരണം. ഭീകരപ്രവർത്തനങ്ങളെ പിന്തുണക്കുന്ന പാകിസ്ഥാന്റെ നയം തുറന്നുകാണിക്കുന്നതിനായും ഓപ്പറേഷൻ സിന്ദൂർ ദൗത്യമടക്കം വിശദീകരിക്കുന്നതിനായുമുള്ള വിദേശദൗത്യം പൂർത്തിയാക്കിയശേഷമാണ് ശശി തരൂരിന്റെ പ്രതികരണം. ഹിന്ദിയിലാണ് ശശി തരൂർ എക്സിൽ കുറിപ്പിട്ടിരിക്കുന്നത്. ഇന്ത്യയുടെ നിലപാടും നയവും ലോകത്തിന് മനസിലായെന്ന് ശശി തരൂർ കുറിച്ചു.

## തിരുവനന്തപുരത്ത് ബൈക്കിലെത്തിയ സംഘം യുവതിയുടെ മാല കവർന്നു

തിരുവനന്തപുരം: തലസ്ഥാനത്ത് ബൈക്കിലെത്തിയ സംഘം യുവതിയുടെ മാല കവർന്നു. തോന്നയ്ക്കൽ പാട്ടത്തിൻകരയിലാണ് സംഭവം.

യുവതിയുടെ നാല് പവന്റെ മാല കവർന്ന ശേഷം സംഘം കടന്നു കളഞ്ഞു. കഴിഞ്ഞ ദിവസം വൈകുന്നേരം ആറോടെ പാട്ടത്തിൻകര സ്വദേശിനി ശരണ്യ കടയിൽ പോയി തിരികെ വീട്ടിലേക്ക് മടങ്ങുന്ന വഴിയിൽ പാട്ടത്തിൻകരയിൽ നിന്ന് പള്ളിക്കൽ നാഗരുകാവ് പോകുന്ന റോഡിൽ വച്ചായിരുന്നു സംഭവം.

ശരണ്യയെ പിന്തുടർന്ന് ബൈക്കിലെത്തിയ രണ്ടുപേരിലൊരാൾ പെട്ടെന്ന് റോഡിലേക്ക് വാഹനം നിർത്തി ഇറങ്ങി. പിന്നാലെ റോഡിവ് കുറുകെ നിന്ന് മാല പൊട്ടിച്ച് കടന്നുകളയുകയായിരുന്നു.

മാല പിടിച്ചു പറിച്ചതിനെത്തുടർന്ന് കഴുത്തിൽ ചെറിയ മുറിവേറ്റ ശരണ്യ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി.

മംഗലപുരം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. സമീപത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടക്കുന്നതായി മംഗലപുരം പോലീസ് പറഞ്ഞു.